
Registered No. M-4485 Madras War Review, Malayalam—27-4-1945

# യുദ്ധസഞ്ചിക

വാല്യം IV] മദിരാശി: 1945 ഏപ്രിൽ 27-ാംനു, വെള്ളിയാഴ്ച [ലക്കം 33



## ബർല്ലിൻെറ ഹൃദയത്തിലേയ്ക്കു്

"ബർല്ലിൻെറ അവസാനത്തെ മണിക്കൂറുകൾ അടുക്കാറായി; നാസികളുടെ പ്രതിരോധം, നമ്മുടെ ഉഗ്രസമരങ്ങളുടെ ഉജ്വലമായ തീജ്വാലകളിൽ അരക്കുപോലെ ഉരുകിപ്പോവുന്നു."

—1945 ഏപ്രിൽ 24-ാം തിയ്യതി മോസ്കോവിലെ "ഇസ്‌വെസ്റ്റിയ" എന്ന പത്രത്തിലെ പ്രസ്താവന

# ജാപ്പകിരാതന്മാരുടെ ക്രൂരകൃത്യങ്ങൾ

ഒരിക്കൽ സുന്ദരമായി ഈ മഹന്നഗരത്തിൽ, മണിലയിൽ ഇന്നു ജാപ്പുകൾ വരുത്തിക്കൂട്ടിയിട്ടുള്ള ഭയങ്കരതകൾ എത്രയെന്നു മനസ്സിലാക്കുന്നതിന്നു അമേരിക്കയിലുള്ള നിങ്ങൾക്കു് മിക്കവാറും അസാദ്ധ്യമാണു്. ആധുനിക യുദ്ധത്തെ സംബന്ധിച്ച നമ്മുടെ പരിഗണനയ്ക്കു് അതീതമായ വിധത്തിലുള്ളതാണു് ആ കിരാതത്വം.

സാൻറിഗോ കോട്ടയുടെ ഉള്ളിൽ കയ്യ്കെട്ടി, വെടിയുണ്ടകൾ തുളക്കപ്പെട്ട 50 ശവശരീരങ്ങൾ കാണപ്പെടുകയുണ്ടായി; മറെറാരു ഗുഹയിൽ 30 പേർ; ഫോറൊന്നിൽ മുന്നൂറോളം ശവങ്ങളും. ചീഞ്ഞ ശവങ്ങൾ അട്ടിയട്ടിയായ് ക്രമപ്രകാരം കൂട്ടിയിരിക്കുന്നു. ഇങ്ങിനെ സ്ത്രീകളും പുരുഷന്മാരും എത്ര നരകമാണു് അനുഭവിച്ചതു്. അതു് പറഞ്ഞറിയിക്കാൻ പ്രയാസമാണു്. ബഹുമാന്യരായ ആളുകളുടെ ജപ്പാന്നെതിരായ സാക്ഷിപത്രത്തിൽ അങ്ങിനെയുള്ള പല കാര്യങ്ങളും അച്ചടിച്ചു കാണുന്നതായിരിക്കും.

—ജനറൽ കാർലോസ്, പി. റോമുലൂ, ഫിലിപ്പൈൻസിലെ റസിഡണ്ട് കമ്മീഷണർ, 1945 ഏപ്രിൽ 18-ാംനു- വാഷിങ്ങ്ടണിൽ ചെയ്ത ഒരു പ്രസംഗത്തിൽനിന്നു്.

**ജർമ്മനി തകരുന്നതോടൊപ്പം, ജാപ്പഫാസിസ്റ്റകൾക്കും പരിഭ്രാന്തി വർദ്ധിച്ചിരിക്കുന്നു.**

**അവർ തികച്ചും പരാജിതരാവുംവരെ വിശ്രമിച്ചുകൂടാ.**

# ആധുനികജപ്പാൻെറ ഉള്ളുകള്ളികൾ

(*By* **Willi Frischaner:** വിവർത്തകൻ, എൻ. ജെ. ചാമ്പാടി.)

ജപ്പാനിലുള്ള വ്യവസായോല്പാദന കേന്ദ്രങ്ങളിൽ നിരന്തരമായി ബോംബുകൾ വർഷിച്ചുകൊണ്ടിരിക്കുന്ന ക്രമവൃദ്ധമായ ഐക്യവ്യോമ സേനനകൾക്കു്, ജപ്പാൻ പ്രദേശങ്ങളുടെ മുകൾപ്പരപ്പിൽനിന്നുകൊണ്ടുള്ള വിഹഗവീക്ഷണം സുപരിചിതമായി വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ജപ്പാൻ തീരങ്ങളിലേക്കു് ഒന്നിറങ്ങി നമ്മുടെ പൌരസ്ത്യ ശത്രുസേനയുടെ വ്യാവസായിക ബലം എന്തുമാത്രമുണ്ടെന്നു നാം ഒന്നു് പരിശോധിക്കേണ്ടതാണു്.

നമ്മുടെ വ്യോമസേന കൈക്കൊണ്ടിരിക്കുന്ന മുഖ്യമായ ലക്ഷ്യങ്ങളുടെ ഒരു സൂക്ഷ്മചിത്രം—വളരെ ദുർല്ലഭമായി മാത്രം പ്രസിദ്ധീകൃതങ്ങളായവ—തങ്ങളുടെ യുദ്ധതാല്പര്യങ്ങളെ വിജയകരമായി സംരക്ഷിക്കുവാൻ ജപ്പാൻ ഗവർമ്മേണ്ടു് തുടർച്ചയായി പ്രയോഗിച്ചുവരുന്ന കൃത്രിമധൂമാവരണ സമ്പ്രദായം കേവലം ദുർഗ്ഗമമായി ഇന്നും അവശേഷിക്കുന്നതിൻെറ ആന്തരീകരഹസ്യം എന്തായിരിക്കാമെന്നു് ആരായുകതന്നെ. ജപ്പാന്നു് എതിരായി നടന്നുകൊണ്ടിരിക്കുന്ന ഈ യുദ്ധം എന്നാണു് അവസാനിക്കുക? പലരും വിചാരിക്കുന്നതുപോലെ മദ്ധ്യകാലീക സമ്പ്രദായത്തിൽ തടിക്കഷ്ണങ്ങളോ, കടലാസ്സുകളോ, കട്ടിത്താളുകളൊ ഉപയോഗിച്ചു അപരിഷ്കൃതരീതിയിൽ ഉണ്ടാക്കപ്പെട്ട കുടിലുകളിൽ താമസിച്ചുവരുന്ന ഒരു ഗ്രാമീണജനതതിയെയാണു് ജപ്പാനിൽ കാണാവുന്നതെന്നു് തുടങ്ങി, ജപ്പാൻകാരുടെ സുരക്ഷിതത്വത്തേയോ ആദർശങ്ങളേയൊ സംബന്ധിച്ചു ഒരു ഇരുണ്ട ചിത്രം ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ അതിൽ എത്രമാത്രം പരമാർത്ഥം ഉണ്ടായിരിക്കും? എന്നു തുടങ്ങിയ ചില പ്രശ്നങ്ങൾക്കു ഉത്തരം പറയുവാൻ ശ്രമിക്കയാണു് ഈ ലേഖനത്തിൽ.

എത്ര നിരർത്ഥകവും അപകടജനകവുമായ ഒരു അന്ധവിശ്വാസമാണിതു്! റോക്കിയൊ, യോക്കഹാമാ, കോബ്, നഗോയ, ഒസാക്കാ എന്നീ ജപ്പാൻെറ പഞ്ചമഹാ വ്യാവസായിക കേന്ദ്രങ്ങളിൽ ആദ്യത്തെ നാലു കേന്ദ്രങ്ങളും ഐക്യകക്ഷികളുടെ പ്രഥമമായ ബോംബു വർഷങ്ങൾക്കു വിധേയമായപ്പോൾ "റൈറംസ്" പത്രം അതിനെക്കുറിച്ചു എഴുതിയിരുന്ന ചില വാചകങ്ങൾ ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ.

"റോക്കിയോ, യോക്കഹാമ എന്നീ പട്ടണങ്ങളെ ലക്ഷ്യമാക്കി ബോംബുവർഷം തുടങ്ങി. . . 18 മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന ഈ രണ്ടു പട്ടണങ്ങളുടേയും അതിർത്തിപ്രദേശങ്ങളിൽ വ്യോമസേന അനവധി ബോംബുകൾ വർഷിച്ചു. ശീഘ്രമായി അഗ്നിക്കു വിധേയങ്ങളാകുന്ന കെട്ടിടങ്ങൾ, റോക്കിയോവിലുള്ള 14,500 ഫാക്ടറികളിൽ സിംഹഭാഗവും, യോക്കഹാമ പ്രദേശങ്ങളിൽ അതിനേക്കാൾ ആയിരക്കണക്കിന്നു് കൂടുതലായിക്കാണുന്ന ഫാക്ടറികളും, റിഫൈനറികളും ഈ ആക്രമണ വൃത്തത്തിന്നുള്ളിൽ ഉൾപ്പെടുന്നു. യുദ്ധത്തിനു മുൻപു ജപ്പാൻെറ എണ്ണക്കരുക്കളിൽ 30 ശതമാനവും ഈ ഉൽപാദന കേന്ദ്രങ്ങളിൽനിന്നുമാണു് ലഭിച്ചുകൊണ്ടിരുന്നതു്. ജപ്പാനിലെ രണ്ടുപ്രധാന തുറമുഖങ്ങളിൽ ഒന്നായ യോക്കഹാമാ ഭീമമായ ഒരു നാവിക താവളം കൂടെയാണു്."

"രണ്ടു മണിക്കൂറുകൾക്കുശേഷം റോക്കിയോയിൽനിന്നും 375 മൈൽ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന കോബു ബോംബു വർഷങ്ങൾക്കു് വിധേയമായി. ഭീമമായ തോതിൽ നടത്തപ്പെടുന്ന മിററ്സുബിഷി വ്യവസായകമ്പിനി (Mitsubishi), കവാസകി കപ്പൽ നിർമ്മാണശാല (Kawasaki) ഇവയെല്ലാം ഇവിടെയാണു് സ്ഥിതിചെയ്യുന്നതു്. അതേസമയം തന്നെ റോക്കിയോവിനും കോബിനും മദ്ധ്യേയുള്ള നഗോയ ആക്രമിക്കപ്പെട്ടു. നയോഗ ഒരു വ്യവസായ കേന്ദ്രവും റയിൽവെ സെൻററുമാണു്. ജപ്പാൻെറ വിമാനങ്ങളിൽ ഒരു നല്ല പങ്കു് ഇവിടെ നിർമ്മിക്കപ്പെടുന്നു."

ഭൂലോകത്തിലെ ഏററവും വലിയ വ്യവസായ കേന്ദ്രം എന്നു പറയപ്പെടാവുന്ന റൂറിലെ (Ruhr) ബോംബാക്രമണത്തോടു ഈ റിപ്പോർട്ടിന്നു ഏതാണ്ടൊരു സാദൃശ്യമുണ്ടു്. വ്യവസായപരമായി നോക്കുന്നപക്ഷം ജാപ്പാനിലെ ചില കേന്ദ്രങ്ങൾ, റൂർ, ബർമിംഗ്ഹാം, മാൻചെസ്റ്റർ, ഡിട്രോയിററ്, ചിക്കാഗോ തുടങ്ങിയ സർവ്വ ലോകപ്രസിദ്ധങ്ങളായ ഉല്പാദനമണ്ഡലങ്ങളിൽനിന്നും അത്ര വ്യത്യസ്ഥങ്ങളല്ല.

ജപ്പാനെക്കുറിച്ചു ശരിയായി പഠിച്ചിട്ടുള്ള വിദഗ്ദ്ധന്മാരിൽ ഒരാളായ ജോസഫ്. സി. ഗ്രൂ (Joseph. C. Grew). മുമ്പു അമേരിക്കൻ സ്ഥാനാപതിയായി റോക്കിയോവിൽ താമസിച്ചിരുന്ന അദ്ദേഹം ജപ്പാൻെറ വ്യവസായോല്പാദനങ്ങൾ കേവലം പരിമിതമായ ഒരു തോതിൽ മാത്രമാണെന്നു് തെററിദ്ധരിച്ചു തൃപ്തി അടയുന്ന മൌഢ്യതയെപ്പററി വളരെ നാളുകൾക്കു മുൻപു മുതല്ക്കേ ഉദ്ബോധിപ്പിച്ചിട്ടുള്ളതാണു്. മലയാ, ബർമ്മാ, ഡച്ച്, ഈസ്റ്റ്ഇൻഡീസ്, ഇൻഡോചൈന എന്നീ പ്രദേശങ്ങൾ ജപ്പാൻെറ കൈവശമായതോടുകൂടി ആ സ്ഥലങ്ങളിൽനിന്നും ലഭിച്ച പ്രകൃതിവിഭവങ്ങൾ ഈ ഉല്പാദനതാല്പര്യങ്ങൾക്കു പോഷകമായിത്തീർന്നു. ദുർലക്ഷണമായ ഒരു ധ്വനിയെയാണു് അദ്ദേഹത്തിൻെറ ഉദ്ബോധനങ്ങൾ മുഴക്കിയതു്! അതിന്നുശേഷം ജപ്പാൻെറ ഉല്പാദനശക്തി വർദ്ധനമായിത്തീരുവാൻ അവസരമുണ്ടായി. പ്രതിവർഷം 2,500,000 ടൺ ഇരുമ്പു, 8,000,000 ടൺ എണ്ണ, 780,000 ടൺ റബ്ബർ, 1,500,000 ടൺ കൊപ്ര എന്നിവ അവർക്കു അധികമായി ലഭിച്ചു. ബോക്സൈററു്, ക്രോം, ററംഗ്സ്റ്റൻ, ററിൻ, നിക്കൽ, മാൻഗനീസ്, അൻറിമണി, കോബോൾട്ടു്, ചണം എന്നിവയും ധാരാളമായി അവർക്കു കിട്ടി. ഇനി എന്താണു് വേണ്ടതു്? യഥാർത്ഥമായ ഈ ചിത്രം മനസ്സിലാക്കുമ്പോൾ ഒരു ശതവർഷത്തേക്കുള്ള യുദ്ധസന്നാഹങ്ങൾ ഞങ്ങൾ സജ്ജീകരിച്ചിട്ടുണ്ടു് എന്നു ആത്മപ്രശംസയായി ജപ്പാൻ ചെയ്ത പ്രസ്താവനയിൽ ചില യഥാർത്ഥ്യങ്ങൾ അന്തർലീനമായുണ്ടെന്നു് വ്യക്തമാകുന്നതാണു്. സമ്മിശ്രമായിക്കിടക്കുന്ന സംഘടിതമായ അശിക്ഷണ ഹസ്തങ്ങളേയും ചിന്നിച്ചിതറിക്കിടക്കുന്ന ആധാരസംഹിതികളേയും ഏകീകരിച്ചു ക്രമപ്പെടുത്തുവാൻ വേണ്ടത്ര സാവകാശം ലഭിക്കാതെ വന്നാൽ അനതിദൂരഭാവിയിൽ തന്നെ ജപ്പാനെ നിഷ്പ്രയാസം തോല്പിക്കുവാൻ സാധിക്കുന്നതാണെന്നു് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. അതു തികച്ചും പരമാർത്ഥവുമാണു്. പക്ഷെ, ഈ ക്രമീകരണങ്ങൾക്കെല്ലാം കുറേസമയം വേണ്ടിയിരിക്കുന്നു. അഞ്ചുവർഷങ്ങൾക്കകമായി അവയെല്ലാം ശരിപ്പെടും എന്നാണു് വിവക്ഷ. കാരണം വ്യവസായോല്പന്നങ്ങൾക്കു ജപ്പാൻ എന്തുമാത്രം സമ്പന്നയായിരിക്കുന്നുവോ അതിലധികമായി അശിക്ഷണ ഹസ്തങ്ങൾ മൂലം അവൾ ദരിദ്രയുമാണു്. ആയുധങ്ങൾ മഹത്തായ ഉപകരണങ്ങൾ, വിദഗ്ദ്ധന്മാർ, സമർത്ഥരായ വേലക്കാർ തുടങ്ങിയ ഘടകങ്ങൾ ജപ്പാന്നു് വളരെ കുറവാണു്. ഈ ന്യൂനത പരിഹരിക്കുവാൻ ജപ്പാൻ യുവാക്കന്മാർക്കു് ത്വരിതഗതിയിൽ പരിശീലനം കൊടുത്തുകൊണ്ടിരിക്കയാണു്. റോക്കിയൊ, ഒസാക്കാ, യോക്കഹാമാ, കോബ്, യവാററാ, നിസ്ഹിററാമാ, നഗോയ, തുടങ്ങിയ ഭീമമായ തൊഴിൽപരിശീലന കേന്ദ്രങ്ങളിൽ നിർബ്ബാധമായി അഭ്യസനം നടത്തുന്നതിന്നു് നാം ഒരിക്കലും അവരെ അനുവദിച്ചുകൂടാ.

കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂകമ്പങ്ങൾ മൂലം സംഭവിക്കുന്ന നാശങ്ങളെ ലാഘവപ്പെടുത്തുവാൻ കട്ടിത്താളുകൾ കൊണ്ടു കെട്ടിയുറപ്പിച്ചിട്ടുള്ളതാണ' ജപ്പാൻ എന്ന ഉൽപ്രേക്ഷ കേവലം കെട്ടുകഥയാണെങ്കിലും ജപ്പാൻെറ വ്യവസായതുറകളെല്ലാം തന്നെ അപ്രതിഹതങ്ങളായ ആക്രമണങ്ങളാൽ നിഷ്പ്രയാസം ഭേദിക്കാവുന്നതാണു്. ജലപദ്ധതികളിൽനിന്നും സംഭരിക്കുന്ന വിദ്യുച്ഛക്തി സംഭരണശാലകൾ, വിശാലമായ വ്യവസായനിർമ്മാണ കേന്ദ്രങ്ങൾ. ഇവ എല്ലാം ഐക്യസേനകളുടെ ബൊമ്പിൻെറ മുൻപിൽ തുറസ്സായി കിടക്കയാണു്. ഇതു കെട്ടുപണികളും സേതുവൈവിധ്യങ്ങളും ഒരിക്കൽ നശിപ്പിച്ചാൽ വിസ്തൃതങ്ങളായ ആ തൊഴിൽകേന്ദ്രങ്ങളെയെല്ലാം ഇടിച്ചു നിരത്തുവാൻ നിഷ്പ്രയാസം സാധിക്കും.

(ശേഷം 5-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 ഏപ്രിൽ 27-ാംനു, വെള്ളിയാഴ്ച


# രക്തസാക്ഷികളുടെ തിരപ്പുറപ്പാട്?

കഴിഞ്ഞ ആഴ്ചയിൽ പ്രധാനമന്ത്രി ചർച്ചിൽ പ്രസ്താവിക്കുകയുണ്ടായി, "യൂറോപ്പിലെ ആ നീണ്ട രാത്രി അവസാനിക്കാറായി" എന്ന്. വിജയത്തിന്റെ വിമല രശ്മികൾ യൂറോപ്പിലെ അന്തരീക്ഷത്തിൽ പ്രകാരപ്രസരം പൊഴിച്ചുതുടങ്ങുമ്പോഴാണ്, നാസികാട്ടാളത്തത്തിന്റെ കറുപ്പുപുള്ളികൾ മുഴുവനും അധികമധികം വ്യക്തമായി കാണുന്നത്. "മദ്ധ്യദശയിലെ ഇരുണ്ട ദശകൾപോലും" ഈ കിരാതത്വത്തിന്റെ മുമ്പിൽ സാരമില്ലാത്തതായി തോന്നുന്നു. ഹിററ്ലർ ഭരണം ഭയങ്കരതകൾ നിറഞ്ഞ ഒന്നാണ്; ചോര പുരണ്ട ഒന്നാണ്. അതിന്റെ തകിടം മറിച്ചൽ ദൃശ്യമായിത്തുടങ്ങി. മേലിൽ ഈ രീതി ഒരിക്കലും ആവിർഭവിച്ചുകൂടെന്ന ദൃഢവിശ്വാസത്തോടെ നാം പൊരുതുന്ന ഈ സന്ദർഭത്തിൽ, ഈ കിരാതത്വത്തിന്റേയും പേക്കൂത്തിന്റേയും സ്വഭാവം തികച്ചും മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണ്. ബെൽസൺ, ബുക്കൻവാൾഡ് തുടങ്ങിയ സ്ഥലങ്ങളിലെ കാഴ്ചകൾ നമ്മുടെയെല്ലാം ഹൃദയത്തെ മരവിപ്പിച്ചിട്ടുണ്ട്. ഈ ദുരിതപൂരിതമായ സംഭവഗതികൾക്കു് ഹേതുഭൂതമായ ആ വ്യവസ്ഥയെയും അവയെ ഉണ്ടാക്കിയ ആ ചിന്താരീതിയെയും നമുക്കു ഒരിക്കലും വിസ്മരിക്കാൻ സാദ്ധ്യമല്ല.

ഇന്നത്തെ ജർമ്മനിയുടെ ദുരിതങ്ങൾക്കൊണ്ടും ജർമ്മൻകാരെ ആക്ഷേപിച്ചിട്ടു ഫലമില്ലെന്നു വാദിക്കുന്ന പലരും ഉണ്ട്. അങ്ങിനെയുള്ള ഒഴികഴിവുവാദികളെ വെറുതെ വിടാൻ നിവൃത്തിയില്ല. ആ മാപ്പുസാക്ഷികളുടെ വഞ്ചനാപരങ്ങളായ അഭിപ്രായഗതികൾ വളരെയധികം ആപൽക്കരങ്ങളാണ്. അവരുടെ ദുഷ്പ്രചരണത്തെ സർവ്വപ്രകാരേണയും തടയേണ്ടതും മുളയിൽത്തന്നെ നുള്ളിക്കളയേണ്ടതുമാണ്. സഖ്യശക്തികളിലുൾപ്പെട്ട ദൃക്സാക്ഷികൾ നാസികളുടെ നാരകീയമായ ആ ദുഷ്കൃത്യങ്ങളെ ഇപ്പോൾ ആരാഞ്ഞറിഞ്ഞുവരുന്നു. അങ്ങിനെയുള്ള തെളിവുകൾ നാസികളെ വിചാരണ ചെയ്യാനാരംഭിക്കുന്നതിന്നുമുമ്പെത്തന്നെ, സാൻഫ്രാൻസിസ്കോ സമ്മേളനത്തിന്നുമുമ്പെത്തന്നെ, ശേഖരിച്ചുവെക്കേണ്ടതു അത്യാവശ്യമാണ്.

വാസ്തവത്തിൽ, ജർമ്മൻകാർ അവരുടെ "കുത്സിതവൃത്തികൾ മൂലമല്ലേ ഇന്നു കഷ്ടപ്പെടുന്നതു്?" സഖ്യസേനകൾ റൈൻനദിയുടെക്കരെ കുതിച്ചു മുന്നോട്ടു പായുകയും, ബർല്ലിനിൽ പ്രവേശിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, ജർമ്മൻ നഗരങ്ങളിലെ പ്രതിരോധവ്യവസ്ഥകളെല്ലാം താറുമാറായിത്തകർന്നു താഴെ പതിക്കുമ്പോൾ, നമ്മൾ ജർമ്മൻകാരോടു അത്ര കഠിനമായി പെരുമാറുന്നില്ല. എന്നാൽ പാഠം ആരംഭിക്കുന്നതേയുള്ളു. അതു് അവർ മേലിൽ മറക്കാത്ത വിധത്തിലുള്ള ഒരു പാഠമായിരിക്കും. ഓരോ സമരരംഗങ്ങളിലും നാസികൾക്കു് ഒരു കടുത്ത അനുഭവമാണ് ഇന്നു ലഭിക്കുന്നതു്."

ജർമ്മനി ബാഹ്യമായി തകർന്നാൽ മാത്രംപോരാ. പോർക്കളത്തിൽ കൈവരുന്ന വിജയത്താൽ ഒന്നുമായില്ല.

നാസികൾ വീണ്ടും അവരുടെ കുതന്ത്രങ്ങൾ ആലോചിച്ചു പദ്ധതികൾ തയ്യാറാക്കിവരികയാണ്. കഴിഞ്ഞ യുദ്ധത്തിന്നുശേഷം, ജർമ്മൻകാരുടെ അധമവികാരങ്ങളേയും, ബലഹീനതയെയും ചൂഷണംചെയ്തു് നാസികൾ അധികാരത്തിൽവന്നു. വേർസേയിൽസ് ഉടമ്പടിയാണ് അവരുടെ അധഃപതനത്തിന്നു കാരണമെന്നവർ പറഞ്ഞുപരത്തി; ജൂതന്മാരാണ് ജർമ്മനിയിലെ ഇത്തിക്കണ്ണികൾ എന്ന ഒരു സിദ്ധാന്തം ഉയർത്തിപ്പിടിച്ചു. ഇതു, നാസിസത്തിന്റെ കറുത്ത സ്വഭാവവും, മട്ടനയവും, ചൂഷണശ്രമവും മറക്കുന്നതിന്നുള്ള ചില നീചമുദ്രാവാക്യങ്ങളായിരുന്നു. 1918 ൽ ജർമ്മനി യുദ്ധത്തിൽ തോററിട്ടില്ലെന്നും, വേർസെയിൽസുടമ്പടിയിലെ ഭയങ്കരമായ വിധികൾമൂലം ദുരിതമനുഭവിക്കുന്ന രക്തസാക്ഷിയാണ് ജർമ്മനിയെന്നുമായിരുന്നു ഹിററ്ലരുടെ പ്രചരണം.

ഈ യുദ്ധത്തേയും ഇങ്ങിനെ നീട്ടിക്കൊണ്ടുപോവുന്നതിന്റെ പിറകിൽ നാസികൾക്കു് ഒരുദ്ദേശമുണ്ട്. രണ്ടാമതും ഒരു "അരങ്ങേററ"ത്തിന്നുള്ള സാദ്ധ്യതകളെപ്പററി അവർ ആലോചിക്കുന്നു. അതിന്നു സമുചിതമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിന്നുവേണ്ടി ഇപ്പോൾതന്നെ ശ്രമിച്ചുവരുന്നു. യുദ്ധാനന്തരകാലത്തു് "ഈ രക്തസാക്ഷികളെ" പ്പററി ഒട്ടധികം കേൾക്കാൻ സാധിക്കും. ഈ സംരംഭത്തെ തടയാത്തപക്ഷം വമ്പിച്ച വിപത്തുകൾ വീണ്ടും ആവർത്തിക്കാനിടയുണ്ട്. നാസികളുടെ യഥാർത്ഥസ്വഭാവവും രൂപവും തികച്ചും വ്യക്തമായി ജനങ്ങൾക്കു് വിശദീകരിച്ചു മനസ്സിലാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഒരിരുപതു കൊല്ലത്തിന്നുശേഷം, ഇന്നത്തെ സമരത്തെപ്പററി തികഞ്ഞ ഓർമ്മയില്ലാതെ ജനങ്ങൾ, നാസികളുടെ 'പരാതികൾ' അനുഭാവപൂർവ്വം ശ്രവിക്കാൻ തുടങ്ങും. ആ രാക്ഷസന്മാരുടെ രക്തം പുരണ്ട കൈ അവർക്കു കാൺമാൻ സാധിക്കുകയില്ല

നാസിസം ഒരു ദേശീയത്വമതം—തികഞ്ഞ ആശയദൈന്യത്തോടും ഉന്മാദത്തോടും കൂടിയ ഒരു മതമാണ്. അതിൽ ആളുകൾക്കു പൈശാചികമായ വിശ്വാസം വരുന്നതിന്നു് ചില "രക്തസാക്ഷികളും" ആവശ്യമാണ്. നാസിസത്തിന്റെ നിലനില്പിന്നു അത്യാവശ്യമായ ആ സൂത്രം ഉണ്ടാക്കുന്നതിന്നായിട്ടാണ് ഹിററ്ലർ ഒരു നിമിഷമായാലും യുദ്ധം നീട്ടിക്കൊണ്ടുപോകണമെന്നുദ്ദേശിക്കുന്നതു്.

ഈ പരിതഃസ്ഥിതികളിൽ നാമെന്തു ചെയ്യണം? നാസികളുടെ വഞ്ചനകൾ ഇനിമേലിൽ ലോകത്തിൽ ഫലിക്കുന്നതിന്നിടയാകരുതു്. പ്രചരണത്തിന്റെ മിടുമിടുക്കന്മാരാണ് ഫാസിസ്റ്റുകൾ. അവർക്കു പരിശീലനം നൽകുന്നതിന്നു "ഭൂഗർഭ"ത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കൂളുകൾ കഴിഞ്ഞ ആഴ്ചയിൽ കണ്ടുപിടിച്ചിരിക്കുന്നു. ബാഹ്യമായി അന്തർദ്ധാനം ചെയ്യുമെന്നു തോന്നിച്ചുകൊണ്ടു് അവർ ഇനിയും ജീവിക്കണമെന്നു കരുതുന്നു. എത്ര ദയനീയമായാലും ശരി, കഠിനമായാലും ശരി ജർമ്മനിയിലെ ഇന്നത്തെ തലമുറയ്ക്കല്ലെങ്കിൽ, ഇനിയത്തെ തലമുറകൾക്കു് വേണ്ടിയെങ്കിലും നാം നാസികളെ ഉന്മൂലനാശം ചെയ്യേതീരൂ. നാസിസമാകുന്ന ആ പ്ലേഗുബാധയിൽനിന്നു് ജർമ്മനിയെ തികച്ചും സ്വതന്ത്രമാക്കണം. ആ ലക്ഷ്യപ്രാപ്തിക്കായി എത്രതന്നെ ത്യാഗങ്ങളും ചെയ്യാവുന്നതാണ്. വെറും തൊലിപ്പുറമേയുള്ള ഒരു രോഗമല്ല അതു്. അതിന്റെ ബീജങ്ങൾ ജർമ്മൻ ജീവിതത്തിന്റെ നാനാ തുറകളിലും കടന്നുകൂടിയിട്ടുണ്ട്. എന്തുതന്നെയായാലും, അതിന്റെ വ്യാപ്തി എത്രയായാലും, ആ രോഗത്തേയും രോഗബീജങ്ങളേയും വെണ്ണീറാക്കുകതന്നെവേണം.

ഈ സംഗതിയിൽ സ്വന്തം കണ്ണുകൾകൊണ്ടു കാണുന്നതിന്നായി ജനറൽ ഐസൻഹോവർ നിരീക്ഷകന്മാരെ ക്ഷണിച്ചതു് വളരെ ഉചിതമായിട്ടുണ്ട്. യൂറോപ്പിലേയും, ഏഷ്യയിലേയും യുദ്ധം അവസാനിച്ചതിന്നുശേഷവും, ഫാസിസത്തിന്റെ മുഴുവൻ രൂപവും മൂലകാരണങ്ങളും മനസ്സിലാക്കുന്നതിന്നു ഈ തെളിവുകൾ വളരെയധികം പ്രയോജനപ്പെടും. ഭ്രാന്ത് ഒരിക്കലും പരാജയം സമ്മതിക്കുകയില്ല. തന്മൂലം എപ്പോഴും ജനങ്ങൾ ജാഗ്രതയോടെ വർത്തിക്കണം.

# വീണ്ടും മുന്നോട്ട്!

(പി. എസ്സ്. നീലകണ്ഠൻ, ബോംബെ.)

ഭാരത നാട്ടിൻ സഖാക്കളേ, കൂട്ടരേ,
ധീരത കാട്ടുന്ന ഭടദീപങ്ങളേ!

പോവുക, പോവുക മുന്നോട്ടിനിയു; മി-
പ്പോരണി ചുട്ട യഴിക്കേണ്ടതില്ല നാം.

ചോര തെറിച്ചൊരാപ്പാട്ടുകൾ: ആയവ
ധീരത ചേർത്തതാം കുങ്കുമപ്പൊട്ടുകൾ!

ആയിരം പത്തിയു മൊന്നായ് വിടുർത്തി നി-
ന്നാടാൻ തുടങ്ങിയ ഫാസിസ്റ്റം ശക്തിയെ,
രക്ത ദാഹത്താ ലുലകിനെ ത്തന്നെയും
കൊത്താൻ മുതിർന്നതാം കാളസർപ്പങ്ങളെ,

കൊത്തി നുറുക്കി ക്കഴിഞ്ഞു; ജഗത്തിലാ-
സ്വാസ്ഥിക ക്കിന്നിമേലില്ലിട മെങ്ങുമെ!

എങ്കിലും തോഴരേ നമ്മളാശിക്കു മാ-
സ്സങ്കൽപ്പ സൌധ മതിവ ദൂരത്തിലാം,

പോവുക, പോവുക മുന്നോട്ടു തിന്നുമീ-
ജീവിത രഥ്യ ശരിക്കു നേർക്കുള്ളതാം
വിശ്രാന്തി, വിശ്രാന്തി യെങ്ങുതാ—നോക്കു നാം
വിശ്വത്തിലശ്രാന്തിയില്ലാതിരിക്കവെ?

മുമ്പും പിറകും മുഴുത്ത വിശ്രാന്തിയാൽ
സമ്പൂർണ്ണമല്ലയോ നമ്മുടെ ജീവിതം?

പിന്നീടിടക്കെന്തുറക്ക, മതിന്നല്ല
മന്നിൻ മഹോത്സവത്തിന്റെ നിമന്ത്രണം.

കൺമിഴിച്ചൊന്നു പരിതസ്ഥിതികളെ-
ക്കാര്യമായിട്ടു നിരീക്ഷണം ചെയ്യുകിൽ,
ഹാ കഷ്ട! മെത്രയൊ കാതം പിറകിലീ
ഭാരത മിന്നും കിടക്കുന്നു നിഷ്പ്രഭം!

വിജ്ഞാനശക്തി കൊളുത്തിയ ദീപങ്ങൾ
വിശ്വത്തിലെല്ലാം വെളിച്ചം പരത്തവെ,

അന്ധവിശ്വാസമാം കൂരിരുട്ടത്തു നാ-
മന്ധരായ്, ശാന്തരായ് ത്തപ്പിനടക്കയൊ?
തീവ്രവേഗത്തിൽപ്പറക്കും വിമാനങ്ങൾ
തീബ്ബോംബു മായിട്ടുയർന്നു കളിക്കവെ,
ചാവാലികളായ കാളകളുന്തുമീ-
ജ്ജീവിതവാഹനം നമ്മൾക്കു ചേർന്നതോ?
പണ്ടത്തെ മേന്മയെ വർണ്ണിച്ചു വർണ്ണിച്ചു
കൊണ്ടു നനച്ചാൽ വിശപ്പടങ്ങീടുമോ?
പാടില്ല, പാടില്ലിതേ വിധം, ജീവിതം
വാടിക്കരിഞ്ഞു നിലം പതിച്ചീടുവാൻ
കാര്യസമ്പൂർണ്ണ മുഹൂർത്തത്തെ ത്തവെ,
കർത്തവ്യശംഖനാദങ്ങൾ മുഴങ്ങവെ,
പാരൊന്നു പുത്തനായ് മാറാൻ തുടങ്ങവി-
ന്നേരത്തു, നേരൊത്ത കൂട്ടരൊന്നിച്ചു നാം,
മുന്നോട്ടു മുന്നോട്ടു കേറിനടക്കുകി-
ലിന്നേ നമുക്കു വിജയം സ്വാഗതം!

## ആഴ്ചക്കുറിപ്പുകൾ

### റങ്കൂണിലേക്കുള്ള യാത്ര

ബർമ്മ സമരരംഗത്തിൽ അല്പാല്പമായി 'ഗോപ്യതാതിരസ്കരണി' വീണുകഴിഞ്ഞിട്ടുണ്ടെങ്കിലും, വമ്പിച്ച വിജയങ്ങൾ നേടിവരുന്നുണ്ടെന്ന അനുമാനിക്കുകതന്നെ ചെയ്യാം. ഗോപ്യത ജപ്പാന്നെതിരായിട്ടുള്ള ഒരായുധം തന്നെയാണ്. വെട്ടേന്നുണ്ടാവുന്ന ഒരമ്പരക്കൽകൊണ്ടു ജാപ്പുഭടൻ ജീവച്ഛവമായി മാറുന്നു. മാണ്ഡലയ്ക്കും റംഗൂണിനും ഇടയ്ക്കുള്ള പിൻമാനയിൽ 14-ാംപട എത്തിയിരിക്കുന്നു. പതിനഞ്ചാം വിഭാഗം പ്രോമിലേക്കുള്ള പാത വളഞ്ഞിരിക്കുന്നു. ഈ ഉന്നം പിടിക്കപ്പെടുന്നപക്ഷം, ഒരു വമ്പിച്ച തോതിലുള്ള വളയൽ ശത്രുവിന്നു അഭിമുഖീകരിക്കേണ്ടി വരും. എണ്ണഖനികളുള്ള പ്രദേശങ്ങളെല്ലാം നമ്മുടെ കൈവശം വന്നുചേരുകയും ചെയ്യും. മററു രണ്ടു സമരങ്ങൾകൂടി ജാഗ്രതയിൽ നടക്കുന്നുണ്ട്— മിട്കിലയ്ക്കുരികിൽ ക്ഷാൻ കുന്നുകളിൽ ഒളിച്ചിരിക്കുന്ന ജാപ്പുകളെ നശിപ്പിക്കുന്നതിനും, മറേറതു യനാങ്ങ്യാങ്ങിലെ എണ്ണഖനികളെ ലക്ഷ്യം വെച്ചിട്ടുള്ളതും.

### പതിനാലാം പടയ്ക്ക് അഭിനന്ദനങ്ങൾ

ഈയിടെ നാലു പ്രഖ്യാതനേതാക്കന്മാർ 14-ാം പടയ്ക്ക് അഭിനന്ദനങ്ങൾ നൽകി. ഏപ്രിൽ 18-ാംനു ചർച്ചിൽ പാർല്ലിമെണ്ടിൽ അത് മഹത്തായതും സവിശേഷമായതുമായ ഒരു സേനയാണെന്നു പറഞ്ഞു. മറെറാരാൾ ഏൾ മൺസ്റ്ററാണ്. ഐരാവതി കടന്നതിൽ 40 പേർ മാത്രമേ മരിക്കപ്പെട്ടുള്ളു എന്നതു് വലിയ ഒരു നേട്ടമാണെന്നു പ്രസ്താവിച്ചു. ഈ വക്താക്കൾ പാർല്ലിമെണ്ടിൽ പ്രസംഗിക്കുകയായിരുന്നു. പ്രഭുസഭയിൽ വൈകൌണ്ട് ലോങ്ങ്, ഐരാവതി കടന്നതു് റൈൻ കടന്നതിനേക്കാളും മികച്ച ഒരു കൃത്യമാണെന്നും, സ്ററാബോൾഗി പ്രഭു, ബർമ്മ സമരം യുദ്ധത്തിന്റെ ചരിത്രത്തിലെ ഏററവും ബുദ്ധിമുട്ടുനിറഞ്ഞ വശമാണെന്നും പ്രസ്താവിച്ചു.

### ഇററലിയിൽ സമരത്തിന്റെ അന്ത്യം ആസന്നമായിത്തുടങ്ങി

ഇററലിയിൽ മാക്ക്ലാർക്കിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആക്രമണത്തിന്റെ ഫലങ്ങൾ വേഗത്തിൽ വന്നുകൂടുന്നു. ബോളോണയിലെ വിജയം ഇതിന്നു ഒരു ഉദാഹരണമാണ്. "ബോളോണയിലെ വിജയം ഇററലിയൻ രംഗത്തിലെ എല്ലാ സഖ്യപക്ഷ യോദ്ധാവിന്റെയും വിജയമാണ്" എന്നാണ് മെഡിറററേനിയൻ പ്രദേശത്തെ സർവ്വസൈന്യാധിപനായ ഫീൽഡ് മാർഷൽ അലക്സാന്തർ പ്രസ്താവിക്കുന്നതു്. അഞ്ചാം സേനയും എട്ടാം സേനയും സഖ്യകക്ഷികളുടെ യോജിപ്പിന്റെയും ഐക്യതയോടുകൂടിയ കൃത്യങ്ങളുടെയും ഒരു ഉദാഹരണമാണ്. ഈ സേനയിൽ ഇന്ത്യക്കാർ, ബ്രിട്ടീഷുകാർ, ന്യൂസിലണ്ടുകാർ, പോളണ്ടുകാർ, ജൂതന്മാർ, അമേരിക്കക്കാർ തുടങ്ങിയ വിവിധ നാട്ടുകാരും ഉൾച്ചേന്നിട്ടുണ്ട്. "ഇററലിയിലെ അവസാന വിജയത്തിന്റെ ആരംഭമാണ് ബൊളോണ" എന്നാണ് ജനറൽ മാക്ക്ലാർക്ക് പറയുന്നതു്. ഇററലിയൻ സമരം വളരെ കാലമായി ആരംഭിച്ചിട്ട്. അതിന്റെ ശീഘ്ര ഗതിയിലുള്ള അവസാനം വളരെ സന്തോഷകരമായ ഒരു വാത്തയായിരിക്കും.

### ഹോളണ്ടിലെ സ്ഥിതി

എല്ലാ കൊല്ലങ്ങളിലും ശൈത്യകാലം യൂറോപ്പിൽ ദുരിതങ്ങൾ ഉണ്ടാക്കുന്ന ഒരു 'കക്കിടക മാസമാണ്'. എന്നാൽ നാസികളുടെ ചവിട്ടടിയിൽ കിടന്ന ആ ശൈത്യകാലങ്ങൾ അത്യധികം ദയനീയമാണ്. കല്പിച്ചുകൂട്ടിയ നശീകരണം മൂലം യൂറോപ്യൻ രാജ്യങ്ങളിൽ വന്നിട്ടുള്ള നഷ്ടങ്ങൾ കുറച്ചൊന്നുമല്ല. യുദ്ധത്തിന്നു മുമ്പ് യൂറോപ്പിലെ ഏററവും സമാധാനപരമായിരുന്ന ഹോളണ്ടിലെ സ്ഥിതികളെപ്പററി ലേഖകന്മാർ നൽകുന്ന റിപ്പോർട്ടുകൾ ആർക്കും നടുക്കമുണ്ടാക്കുന്നവയാണ്. ഹോളണ്ടിലും, മററു പന്ത്രണ്ടു യൂറോപ്യൻ രാജ്യങ്ങളിലും യുദ്ധം അവസാനിച്ചാൽ ആഹ്ലാദമുണ്ടാവുകയില്ല; അവക്ക് ഒരാശ്വാസം തോന്നുകമാത്രമേയുള്ളു. മുമ്പൊരിക്കലുംതന്നെ ഇത്രത്തോളം കഷ്ടനഷ്ടങ്ങൾ ഒരിടത്തും ഉണ്ടായിട്ടില്ല. മുമ്പൊരിക്കലും തന്നെ ഇത്രത്തോളം മൃഗീയവും പൈശാചികവുമായ കൃത്യങ്ങൾ ചെയ്യുന്ന ശത്രുവുമുണ്ടായിട്ടില്ല. ആ പഴയ ഹോളണ്ട്—ടുലിപ്പു വയലുകളും, പാലും നെയ്യും നിറഞ്ഞ വീടുകളും, മററു വിശിഷ്ടവിഭവങ്ങളും നിറഞ്ഞ ആ ഹോളണ്ട് മറഞ്ഞുപോയിരിക്കുന്നു. ഇന്നത്തെ യൂറോപ്പിലെ നിലയെ തികച്ചും പ്രതിനിധീകരിക്കുന്ന ഒന്നാണ് ഹോളണ്ട്. അവർ വീണ്ടും കൊടികളുയർത്തും; പക്ഷെ നാസികളുടെ ഭീകര പാളയങ്ങളിൽനിന്നു രക്ഷിക്കപ്പെട്ട ആ തടവുകാർ പഴയ ദുരിതത്തിന്റെ സ്മരണപോലെ നീണ്ടു നിൽക്കുകതന്നെ ചെയ്യും.

### ഫിലിപ്പൈൻ ദ്വീപുകൾ മുക്കാലും വിമോചിതമായി


ഫിലിപ്പൈൻ ദ്വീപുകളിൽ ഏതാണ്ട് 7,085 ദ്വീപുകളുണ്ട്. അവിടെ 12,000,000 ജനസംഖ്യയുമുണ്ട്. ഔദ്യോഗികമായ ഒരു പ്രസ്താവനയുടെ അഭാവത്തിൽ ഈ വിചിത്രരാജ്യത്തിലെ നേട്ടങ്ങളെപ്പററി വ്യക്തമായി ഒന്നുംതന്നെ പറയാൻ വയ്യ. ഈ ആഴ്ചയിൽ ഔദ്യോഗികമായ വിവരം ലഭ്യമായിട്ടുണ്ട്. ഏപ്രിൽ 21-ാംതിയ്യതി വെളിപ്പെടുത്തിയ പ്രസ്താവനപ്രകാരം ഖാനെ, നെഗ്രോസ്, സെബൂ, ബൊഹോൾ, ലെയിററ്, സാമർ എന്നീ ദ്വീപുകൾ സ്വാതന്ത്ര്യമാക്കിയിരിക്കുന്നു. 33,000 ചതുരശ്രനാഴിക വലുപ്പമുണ്ട് ഇവയ്ക്കു ഒട്ടാകെ. 6,400,000 ജനസംഖ്യയുമുണ്ട്. ഇതിന്നുപുറമേ ലൂസൺ, മിണ്ഡാനോ എന്നീ ദ്വീപുകളിലും വളരെയധികം സ്ഥലം പിടിച്ചെടുത്തിരിക്കുന്നു. ഏതാണ്ട് 5,000 ചതുരശ്ര നാഴികയോളം വരുന്ന സ്ഥലവും 4,000,000 ജനങ്ങളും ഇതിലുൾപ്പെടുന്നു.

### റീക്കിന്റെ അന്ത്യശ്വാസങ്ങൾ.

യൂറോപ്പിൽ നടന്നുവരുന്ന വമ്പിച്ച സംഭവപരമ്പരകളെ സമഗ്രമായി ഇയ്യിടെ പ്രസ്താവിക്കുന്നതിന്നു സാദ്ധ്യമല്ല. വിജയീഭിഷിക്തരായ സഖ്യസേനകൾ റീക്കിന്റെ എല്ലാ ഭാഗവും വളഞ്ഞുകഴിഞ്ഞു. വടക്കും വടക്കു പടിഞ്ഞാറും, മണ്ട്ഗോമറിയുടെ സേനകൾ ബ്രമണിലേക്കും ഹാംബർഗ്ഗിലേക്കും കുതിച്ചുകയറുന്നു. ബർല്ലിൻ, മാർഷൽ ഷുക്കോവിന്റെയും കൊണിവിന്റെയും നേതൃത്വത്തിലുള്ള സേനകളാൽ വളയപ്പെട്ടു കഴിഞ്ഞു. മാത്രമല്ല, ബവേറിയ, ചെക്കോസ്ലോവാക്യ, യൂഗോസ്ലാവിയയുടെ ചില ഭാഗങ്ങൾ ഇവയും.

ഈ സന്ദർഭത്തിൽ ഹിററ്ലർ ബർല്ലിനിൽ തന്നെ ഉണ്ടായാലെന്താണ്, ഇല്ലെങ്കിലെന്താണ്? സഖ്യസേനകൾ മുന്നോട്ടണയുന്നു; ലെപ്സിഗ്-ഡ്രെസ്ഡൺ മുനയിൽ സഖ്യസേനകൾ കൂടിച്ചേരുവാൻ അധികം നാളുകൾ വേണ്ടിവരികയില്ല. സഖ്യസേനകൾ, പ്രത്യേകിച്ചു റഷ്യക്കാർ "അവരുടെ വൻകരയെ" കുഴപ്പത്തിലാക്കാൻ ശ്രമിക്കുകയാണെന്നു ഏപ്രിൽ 23-ാംനു ഹിററ്ലർ പ്രസ്താവിക്കുകയുണ്ടായി. നാസികളൊരിക്കലും തന്നെ പശ്ചാത്തപിക്കുകയില്ല. യൂറോപ്പു വൻകര മുഴവനും തങ്ങളുടെ അവകാശമാണെന്നു ഇന്നും അവർ കരുതുന്നു.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




(2-ാം പേജിൽ നിന്നു തുടർച്ച)

വ്യവസായ വൃത്തത്തിനുള്ളിലേക്കു കടന്നു നോക്കിയാൽ അതിന്റെ ബലാബലം ശരിയായി മനസ്സിലാക്കാം.

മ്യൂനിക്കിലും ബർലിനിലുമുള്ള ഡസ്സൽഡോർഫ്, കൊളോൺ തുടങ്ങിയ ഭൂവിഭാഗങ്ങളുടെ കിടപ്പിനെപ്പററി പഠിച്ചതുപോലെ ആയിരമായിരം ഐക്യവ്യോമസേനകൾ തങ്ങളുടെ പഠനത്തിന്നു വിധേയമാക്കിയിരിക്കുന്ന ജപ്പാനിലെ ചില മുഖ്യ കേന്ദ്രങ്ങളെക്കുറിച്ച് ഒരു സൂക്ഷ്മചിത്രം ഞാൻ ഇവിടെ കുറിക്കട്ടെ. ജർമ്മനിയിലെ കഥപോലെതന്നെ ജപ്പാന്റെയും ലക്ഷ്യങ്ങൾ അവിടെയുള്ള പ്രമുഖമായ ചില കുടുംബക്കാരെ ആശ്രയിച്ചിരിക്കുന്നു. ക്രൂപ്, തിസ്സൻ, ജങ്കേഴ്സ, റോളിംഗ് എന്നീ ജർമ്മൻമേധാവികളെപ്പോലെ തന്നെ ജപ്പാനിലുള്ള മിററ്സുയി, മിററ്സുബിഷി, യാസ്സുഡാ, ഒകുറാ എന്നീ പ്രമുഖന്മാർ പ്രഖ്യാതന്മാരാണ്. 1931-നു ശേഷം, ഐക്യകക്ഷികളോടു നേക്ക് ജപ്പാൻ യുദ്ധപ്രഖ്യാപനം ചെയ്യുന്നതിന്നു വളരെ മുൻമ്പു തന്നെ, മേൽപറയപ്പെട്ട വ്യവസായമേധാവികൾ ഒത്തൊരുമിച്ച് തങ്ങളുടെ ഉല്പാദനശക്തി ആറിരട്ടിയായി വദ്ധിപ്പിച്ചു. തെക്കു ഭാഗത്തായി കിടക്കുന്ന കിയൂഷു ദ്വീപിലുള്ള യവാററാ കേന്ദ്രമാക്കി നടത്തുന്ന ഉല്പാദനകേന്ദ്രത്തിൽനിന്നു തന്നെ പ്രതിവഷം 15,000,000 ടൺ ഉരുക്കു ലഭിക്കുന്നു. ററോക്കിയോയുടെ കായ്യം മാത്രം എടുത്തു നോക്കുക. 14,000 ഫാക്ടറികളാണ് അവിടെ ഉള്ളതു്! 8,000,000 ൽ പരം ജനങ്ങൾ തിങ്ങിപ്പാക്കുന്ന ഈ പട്ടണം ഇന്നു് ലോകത്തിലെ മൂന്നാമത്തെ മഹാനഗരമാണ്. സുറുമിദയിലെ എണ്ണഖനികൾ, മിയാ ലോക്കോമോട്ടീവ് വക്സ്, സെൻജുവിലെ വൈദ്യുതോല്പാദനങ്ങൾ, സുമിദാനദീമുഖത്തുള്ള നാവിക ഏററുമതി കേന്ദ്രം ഇവയെല്ലാം ബഹുസഹസ്രങ്ങളായ ജപ്പാന്റെ സമ്പത്തുകളിൽ ചിലവയാണ്.

തെരുവുകളിൽ നീളെ നീളെ കാണാവുന്ന ഭീമമായ പരിഷ്കൃത കെട്ടിടങ്ങൾ, ബാങ്കുകൾ, വർത്തമാനപ്പത്ര ആഫീസുകൾ തുടങ്ങിയ നാനാമുഖങ്ങളായ പ്രസ്ഥാനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ററോക്കിയോയുടെ അധിക ഭാഗങ്ങളും യൂറോപ്പിലേയോ അമേരിക്കയിലേയോ വലിയ തലസ്ഥാന നഗരികളോടു് സാധർമ്മ്യം വഹിക്കുന്നുണ്ട്. ജപ്പാനിലെ ബർമിംഗ്ഹാം എന്നു പറയപ്പെടാവുന്ന ഒസാക്കാനഗരത്തിന്നു് 82 ചതുരശ്രമൈൽ വിസ്താരമുണ്ട്. 2,759,000 ജനങ്ങളാണ് അവിടെ തിങ്ങി കുടിപാക്കുന്നതു്. 1938 ൽ ഒസാക്കായിൽനിന്നു തന്നെ ഏതാണ്ടു 232,000,000 പവൻ വില പിടിപ്പുള്ള സാധനങ്ങൾ ഏററുമതി ചെയ്യുകയും ഏകദേശം അത്രയും സാധനങ്ങൾ ഇറക്കുമതി ചെയ്യുകയും ചെയ്തിട്ടുണ്ട്. (സെക്കൻറിന്നു് ഒന്നു വീതം ആഹാരനീഹാരനിദ്രാദികൾ വെടിഞ്ഞിരുന്നു് ഈ ഭീമമായ തുക എണ്ണിത്തീക്കുവാൻ ഒരുവൻ ശ്രമിക്കുന്നെങ്കിൽ അതു തീരുവാൻ 73-ൽ പരം വക്ഷങ്ങൾ വേണ്ടിവരുന്നതാണ്. എത്ര ഭീമമായ ഒരു സംഖ്യ.) 5,000-ൽപരം വ്യവസായ കമ്പനികൾ ഉണ്ടായിരുന്നു അവിടെ. ഏറെക്കുറെ അതിന്റെ സംഖ്യ ഇപ്പോൾ വർദ്ധിച്ചിരിക്കണം. ഒസാക്കാ തുറമുഖത്തു് പ്രതിവഷം 100,000,000 ടൺ കപ്പലുകളാണ് പ്രവൃത്തി എടുക്കുന്നതു്. 10,000 ടൺ യാനപാത്രങ്ങളുള്ള കപ്പൽ സങ്കേതങ്ങളും അവിടെ ഉണ്ട്. ആധുനിക ഒസാക്കാ നഗരത്തിന്റെ മദ്ധ്യത്തിൽ 4 സ്റ്റോക്ക് എക്സ്ചെയിഞ്ചുകളും ഏതാണ്ടു് 250 ബാങ്കുകളും (നിരവധി ബ്രാഞ്ചുകളും) ഇന്നും നിലനിന്നുവരുന്നതു് ഏതൊരു ജപ്പാൻകാരനും അഭിമാനത്താൽ പുളകം കൊള്ളിക്കുന്ന ഒന്നാണ്.

മേൽപ്രസ്താവിച്ചതിൽനിന്നും ജപ്പാനിലെ മററു വലിയ പട്ടണങ്ങളുടെ ബലാബലം ഏറെക്കുറെ എന്തുണ്ടായിരിക്കാമെന്ന് നിങ്ങൾക്ക് അനുമാനിക്കാമല്ലോ? ഉദാഹരണമായി, കോബ് ഗംഭീരമായ ഒരു നാവികസങ്കേതമാണ്. യോക്കഹാമായുടെ വ്യാവസായിക നില ഒസാക്കായുടേതിൽനിന്നും ഒട്ടും പിന്നാക്കമല്ല. നിസ്ഹിത്താമായിലെ സിമൻറു ഫാക്ടറികൾ, യവാററായിലേ ഉരുക്കു വേലകൾ, തുടങ്ങി നിരവധികളായ ഉല്പാദനപശ്ചാത്തലങ്ങൾ നാം ഇതുവരെ വരച്ചുവന്ന ചിത്രത്തെ പൂർത്തീകരിക്കുന്നു. ജപ്പാന്റെ ഈ പശ്ചാത്തലത്തെക്കുറിച്ച് ഉള്ള വിവരണങ്ങളിൽ പലതും ഇന്നു് നമുക്ക് അജ്ഞാതമായിരിക്കാനും ഇടയുണ്ടല്ലോ. പേൾഹാർബറിലേ സംഘട്ടനം വരെ, കുപ്രസിദ്ധമായ സീറോ ഫൈയിററർ പ്ലേനെപ്പററി ഐക്യനാട്ടുകാർ അറിഞ്ഞിരുന്നേയില്ല. തിരശ്ശീലയ്ക്കുള്ളിൽ ഇന്നും മറഞ്ഞിരിക്കുന്ന അത്ഭുതാവഹങ്ങളായ ഉല്പാദനശക്തികൾ രഹസ്യഫാക്ടറികൾ തുടങ്ങി അനേകം വ്യാവസായിക രഹസ്യങ്ങൾ ജപ്പാനെ സംബന്ധിച്ച് വളരെയുണ്ടെന്ന സംഗതി ഒരിക്കലും വിസ്മരിച്ചുകൂടാ. ഇത്ര വമ്പിച്ച ഒരു പശ്ചാത്തലമുള്ള ജപ്പാനെ തുരത്തിപ്പായിക്കുവാൻ ജർമ്മൻ നാസികളുടെ നേരെ പ്രയോഗിച്ചതുപോലെതന്നെ ശക്തിമത്തായ ആക്രമണ പദ്ധതികൾ നാം കൈക്കൊള്ളേണ്ടതു് വിജയലബ്ധിക്ക് അനുപേക്ഷണീയമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.


ജാപ്പ്നീസ് വ്യവസായ പദ്ധതികളിൽ നൈസർഗ്ഗികമായി ചില ന്യൂനതകളുണ്ടെന്നുള്ളതും ഇത്തരുണത്തിൽ സ്മത്തവ്യമാണ്. ഞെരുങ്ങിയ ആക്രമണങ്ങൾക്കു വിധേയമാകാവുന്ന ഒരു ദ്വീപായുധശക്തിയാണ് ജപ്പാൻ. സൈനർഗ്ഗികമായുള്ള ആനുകൂല്യപരിതസ്ഥിതികൾ അനുവദിക്കുന്നതുപോലെ ജപ്പാന്റെ കപ്പൽനിർമ്മാണം വളച്ച പ്രാപിച്ചിട്ടില്ല. നിശാവേളകളിൽ കൂടെ വിശ്രമമില്ലാതെ ഫാക്ടറികളിൽ വേല ചെയ്തു് ഈ യുദ്ധത്തിൽ തനിക്കു മാത്രം ഉപയോഗിക്കുവാൻ മതിയാകുന്ന വിധത്തിൽ ഉല്പാദനങ്ങൾ ജപ്പാൻ വിപുലപ്പെടുത്തിയിട്ടുണ്ടെങ്കിലും ബ്രിട്ടനിലേയും ഐക്യനാടുകളിലേയും വമ്പിച്ച ഉല്പാദന പശ്ചാത്തലം പരിഗണിച്ചു നോക്കിയാൽ അവയെല്ലാം കേവലം തുച്ഛമാണ്. എന്നിരുന്നാലും വിദൂരപൌരസ്ത്യദേശങ്ങളിലെ ഒരതിശയമെന്ന നിലയിൽ ജപ്പാൻ ഒരു പ്രബല ശക്തിതന്നെ. കേവലം ഒരു യക്ഷികഥയല്ല അതു്. തടിക്കഷണങ്ങൾ കൊണ്ടും മുളങ്കമ്പുകൾ കൊണ്ടും കെട്ടിയുണ്ടാക്കിയിട്ടുള്ളതും പെട്ടെന്നു് അഗ്നിക്കിരയാകാവുന്നതുമായ കുടിലുകളേ വിസ്മരിക്കുക! ഒരു പഴഞ്ചൊല്ലായിത്തീന്നിരിക്കുന്ന 'ഭൂകമ്പ' പ്രകമ്പനങ്ങൾ ജപ്പാനിലെ കടലാസ്സു വീടുകളെ നശിപ്പിച്ചുകൊള്ളുമെന്നുള്ള മുടന്തൻ പ്രത്യാശകൾ നിർമാർജ്ജനം ചെയ്യുക !!

ജപ്പാനിലെ സുസ്ഥിരമായ വ്യവസായ മണ്ഡലങ്ങളെക്കുറിച്ചു് ശരിയായി പഠിക്കുന്നതു് നല്ലതാണ്. വിദൂര പൌരസ്ത്യയുദ്ധരംഗങ്ങളിൽ നേരത്തെ പ്രയോഗിച്ചുതുടങ്ങിയിരിക്കുന്ന ഐക്യകക്ഷികളുടെ, 'ബ്ലോക്ക് ബസ്റേറഴ്സു്", 'ഏത്ത കയിക്കു' ബോമ്പുകൾ' തുടങ്ങിയ ആധുനിക യുദ്ധോപകരണങ്ങൾ ആവൃത്ത പരിധിയെ തരിപ്പണമാക്കുവാൻ തക്കകെല്പുള്ളതാണെന്ന പരമാത്ഥം ഓത്തു് സന്തോഷിക്കുക.


### ഒരു തിരുത്തൽ

കഴിഞ്ഞ ലക്കം (ഏപ്രിൽ 20-ാംനു) യുദ്ധസഞ്ചികയിൽ പ്രസിദ്ധം ചെയ്തിരിക്കുന്ന "ചിതറിയ ചിന്തകൾ" എന്ന പദ്യത്തിലെ അഞ്ചാമത്തെ ശ്ലോകത്തിലെ "അകളങ്കമനസ്സർ" എന്നതു് "അകളങ്കമകന്ന" എന്നു തിരുത്തിവായിപ്പാനപേക്ഷ.


# അവസാനം ബർല്ലിനിലേയ്ക്കു്!



ബർല്ലിൻ ബ്രാണ്ടൻബർഗ്ഗ് ഗെയിററ്



ബർല്ലിനിലെ കോപ്പർ റോളിങ്ങ് മില്ലുകൾ



ബ്രാണ്ടൻബർഗ്ഗിലെ ഓപ്പൽ വർക്ക്സ്

"ജർമ്മൻ കെററിൽ ഞങ്ങൾ തിളപ്പിക്കും" റഷ്യക്കാർ അട്ടഹസിച്ചു. ഹിററ്ലർ ആ പാത്രത്തിലുണ്ടെന്നു ഗോബൽസ് പറയുന്നു. അത്രയും നല്ലതുതന്നെ. താഴെയുള്ള ചിത്രങ്ങളിൽക്കാണുന്നതിൽനിന്നും വളരെ വ്യത്യസ്തമാണ് ഇന്നത്തെ ബർല്ലിൻ. ഈ യുദ്ധത്തിൽ മറെറതൊരു സ്ഥലത്തേക്കാളും കൂടുതൽ ബോംബു വർഷത്തിന്നു ബർല്ലിൻ വിധേയമായിട്ടുണ്ടു്. തെരുവുയുദ്ധംമൂലം ഓരോ കെട്ടിടവും പൊളിഞ്ഞു തകരുന്നു; റഷ്യക്കാർ നാസികളെ ഭൂമിയിൽനിന്നു പൊന്തിക്കുന്നു. ബർല്ലിൻെറ വീഴ്ചയാൽ യൂറോപ്യൻ യുദ്ധം അവസാനിക്കുമെന്നു കരുതുന്നതു് അബദ്ധമാണ്. റീഷിൻെറ മററു മൂലകളിൽ ജർമ്മൻകാർ പൊരുതിവരുന്നു. പക്ഷെ ബർല്ലിൻ പിടിക്കപ്പെട്ടാൽ, റഷ്യൻ സേനയ്ക്കു സഖ്യസേനകളുമായി യോജിച്ച്, യൂറോപ്യൻ നാടകത്തിൻെറ ഭരതവാക്യം വേഗം ഉൽഘോഷിക്കുന്നതിന്നു സാധിക്കും.

## ചരിത്രപ്രസിദ്ധമായ ബർല്ലിൻ

ജർമ്മനിയുടെ ഹൃദയമാണ് ബർലിൻ. ജർമ്മൻ ബിസിനസ്സ്, ബാങ്കിങ്ങ്, വ്യവസായങ്ങൾ ഇവയുടെയെല്ലാംതന്നെ കേന്ദ്രമാണതു്.

1870-71 ലെ ഫ്രാങ്കോ-റഷ്യൻ യുദ്ധത്തിന്നു മുമ്പ് ബർല്ലിൻ ഒരു വൃത്തികെട്ട നഗരമായിരുന്നു. അന്നു് 800,000 ജനങ്ങൾ മാത്രമേ അവിടത്തെ നിവാസികളായി ഉണ്ടായിരുന്നുള്ളൂ. ഈ യുദ്ധം തുടങ്ങിയ അവസരത്തിൽ 1939 ൽ 4,332,242-ആണ് ബർല്ലിനിലെ ജനസംഖ്യ. ലണ്ടൻ, ന്യൂയോർക്ക്, ടോക്കിയോ ഈ മൂന്നു നഗരങ്ങൾ കഴിഞ്ഞാൽപിന്നെ ലോകത്തിലുള്ള വമ്പിച്ച നഗരം ബർല്ലിനാണ്.

പ്രസ്താവയോഗ്യമായ പല യുദ്ധവ്യവസായങ്ങളും അവിടെയുണ്ടു്. യൂറോപ്പിലെ പ്രധാന നഗരങ്ങളിലേക്കെല്ലാം അവിടെനിന്നു റെയിൽവെയുണ്ടു്. പതിനാലു പ്രധാന റയിൽപ്പാതകൾ തലസ്ഥാനനഗരത്തിലേക്കണയുന്നു. യുദ്ധകാലത്തിന്നുമുമ്പ് ഈ നഗരം ഒരു വമ്പിച്ച വിമാനസഞ്ചാരസ്ഥലവുമായിരുന്നു.

ഈ ബർല്ലിനിലെ തെരുവുകളിൽ ചുവപ്പുസേനയും നാസികളും തമ്മിൽ ഭയങ്കര സമരം നടന്നുകൊണ്ടിരിക്കുന്നു.

# അവർ ബർല്ലിനിലെത്തി

(കെ. ജി. രാമൻ നായർ.)

അവരെത്തി ബർല്ലിനിൽ—ആഹവ വീരന്മാ-
രവരെത്തി ബർല്ലിനിൽ ചെമ്പടകൾ.

അടരാടി യാനന്ദിച്ചാർത്താർത്തു ചെല്ലുന്ന
പടയാളി മാരവരാക്രമിപ്പാൻ!

മനുജരേ, നിങ്ങളീ മഹനീയ വിജയത്തിൻ
മഹിമയിലഭിമാനം പൂണ്ടുകൊൾവിൻ;

മദിരോത്സവങ്ങളെ യതിരേക്കാനുത്സുകം-
മതിതെളിഞ്ഞെങ്ങും നിരന്നു നില്പിൻ;

വിജയങ്ങൾ വിതറിയെറിഞ്ഞിട്ടുമോരോരോ-
വിഭവങ്ങളാ സ്വാദിച്ചാർത്തുല്ലസിപ്പിൻ.

അവിടെയാബർല്ലിനിൽ, നാസിസ്സരീതിതൻ
ഹൃദയത്തിലെത്തി കഴിഞ്ഞു നമ്മൾ!

അറിയുന്നതില്ലേ യീ വിജയത്തിൻ വൈപുല്യം?
വെറുമൊരു പട്ടണ മല്ലീ ബർല്ലിൻ!

ഇതുനോക്കു, മന്നിലെ കാട്ടാളക്കൂട്ടങ്ങൾ
ചതിയെഴും നാസി നരാധമന്മാർ,
ഇതുവരെ ഘോര കുടിച്ചു കൂത്താടിയ-
ച്ചുടുരക്ത വേദിയൊന്നത്രെ ബർല്ലിൻ!
നരസംസ്കാരങ്ങളെയെരി തീയിലിട്ടതാം
നരകത്തെപ്പോലുള്ള നഗരം ബർല്ലിൻ
നിരവധി നിഷ്ഠൂര നിഷ്ഠകൾ പെററൊരാ-
ഉരിതത്തിന്നീററില്ലമാണു ബർല്ലിൻ!

അവരെത്തിയ വിടത്തിലാഹവ വീരന്മാർ;
അവരെത്തി ബർല്ലിനിൽ ചെമ്പടകൾ!

ഉശിരു പറഞ്ഞവ, രുക്കിൽ ഗർജ്ജിച്ചവർ,
അവരെങ്ങുപോയി മറഞ്ഞിതാവോ?

എവിടെ യഡോൾഫിൻെറ കൂട്ടുകാർ, എവിടെ [പോയ്
തടിമാടൻ ഗോയ്റിങ്ങും, മററു പേരും?

എവിടെയച്ചെന്നായ്ക്കൾ ഗസ്റ്റാപ്പോ; സകലരും-
അവിടെ നിന്നോടിയൊളിച്ചുപോയി.

അവരുണ്ടോ പോരുന്ന നേരിട്ടെതിർക്കുവാൻ
അവനിയിൽ പേർപെററ ചെമ്പടയെ!

അവരെത്തി ബർല്ലിനിൽ—നമ്മുടെ യോ [ദ്ധാക്കൾ
അവസാന വെററി തന്നൂററ തോഴർ
മനുജരേ, നിങ്ങളീ മഹനീയ വിജയത്തിൽ
മഹിമയിലഭിമാനം പൂണ്ടുകൊൾവിൻ.

(ശുഭം)



ട്രൂമാൻ 1918 ൽ



അമേരിക്കൻ പ്രസിഡെണ്ട് ഹാരി ട്രൂമാൻ



പ്രസിഡെണ്ട്, ട്രൂമാൻെറ ഇടതും വലതും നിൽക്കുന്നത് പത്നിയും പുത്രിയുമാണ്

# ഇന്ത്യൻ സൈനികജീവിതത്തിൻെറ സവിശേഷതകൾ

(ലണ്ടൻ ടൈംസിൻെറ ബർമ്മരംഗത്തിലെ ലേഖകൻ)

ബർമ്മരംഗത്തിൽ ആറുമാസക്കാലം കഴിച്ചുകൂട്ടിയതിന്നുശേഷം, ഒരാളുടെ മനസ്സിലുണ്ടാവുന്ന വികാരം ജപ്പാനെ അടിച്ചോടിക്കുന്ന കാര്യത്തിൽ ഇന്ത്യൻ സേനകൾ നിർവ്വഹിക്കുന്ന പങ്കിനെപ്പററിയുള്ള ശ്ലാഘയാണ്. അവരുടെ ധീരസമരത്തെ നേരിട്ടുകാണുന്നതു് ഒരുത്സവം തന്നെയാണ്; പക്ഷെ ആ ഭാഗ്യം കുറച്ചുപേർക്കുമാത്രമേ സിദ്ധിക്കുന്നുള്ളു.

ഇന്ത്യൻസേന ഒരു സവിശേഷ രീതിയിലുള്ള ഒന്നാണ്. നാം പത്രങ്ങളിൽ വായിച്ചുവരുന്ന രാഷ്ട്രീയ ഇന്ത്യയിൽനിന്നും വളരെ ഭിന്നമായാണതു്. രാഷ്ട്രീയ ഇന്ത്യയിലെ വിഷമം അനൈക്യവും സമുദായങ്ങൾ അന്യോന്യം സഹകരിക്കുന്നതിന്നുള്ള സന്നദ്ധതയില്ലായ്മയുമാണ്. എന്നാൽ സേനയിലുള്ള ഒരു ഗുണം അതിലെ വിഭാഗങ്ങളെല്ലാം തമ്മിലുള്ള ഐക്യമാണ്. ബ്രിട്ടീഷുകാരും ഇന്ത്യക്കാരും തമ്മിൽ മാത്രമല്ല, ഇന്ത്യയിലെ വിവിധ ജാതിക്കാരും വിവിധ നാട്ടുകാരും തമ്മിലും ചങ്ങാതിത്വവും ഐക്യവും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

ഒരേ നാട്ടുകാർ മാത്രമടങ്ങിയിട്ടുള്ള വിഭാഗങ്ങൾ പട്ടാളത്തിലുണ്ടെന്നു ശരിതന്നെ. എന്നാൽ മിക്കവാറും അവ ഇന്നു സമ്മിശ്രമാണ്. ഒരു ബററാലിയനിൽ വിവിധ പ്രദേശങ്ങളിൽ നിന്നു വരുന്ന പട്ടാളക്കാരടങ്ങിയ പല കമ്പനികളും ഉണ്ടാകും. ഒരു പ്രത്യേക ഉദാഹരണം: ബങ്കാൾ സാപ്പേഴ്സ് ആൻറ് മൈനേഴ്സ് ബററാലിയനിൽ ഒരൊററ ബങ്കാളിപോലും ഇല്ല! സാമുദായികമായ വിമോചനവും കൂടി പട്ടാളത്തിൽ നിന്നു സാദ്ധ്യമായിട്ടുണ്ട്. 1942 പഞ്ചാബിൽനിന്നു അനവധി ചാമർമാരെ പട്ടാളത്തിലെടുക്കുകയുണ്ടായി. ചാമർ എന്നാൽ തോൽക്കൊല്ലരെന്നാണ് അർത്ഥം. അവരുടെ കേണൽ എന്നോടു പറഞ്ഞു, "അവർ ജപ്പാൻകാരോടു മാത്രമല്ല സമരം ചെയ്യുന്നതു്. അവരുടെ സമുദായത്തിൻെറ അംഗീകരണത്തിന്നും കൂടിയാണ് അവർ പൊരുതുന്നതു്." കേന്ദ്ര സംസ്ഥാനത്തിൽ നിന്നും, ബോമ്പെയിൽനിന്നും മററും "അയിത്തക്കാരെന്നു" കരുതപ്പെടുന്ന ഈ വർഗ്ഗങ്ങളിൽനിന്നു അനവധിപേരെ പട്ടാളത്തിൽ ചേർത്തിട്ടുണ്ട്. ഈ പരീക്ഷണങ്ങളെല്ലാം ഫലപ്രദമായിരിക്കുന്നു. മററാരെപ്പോലെയുമുള്ള സമരവൈദഗ്ദ്ധ്യവും, വിവേകവും ഇവരിലുമുണ്ടെന്നറിന്നു എത്ര തെളിവുകൾ വേണമെങ്കിലുമുണ്ട്.

## സമര നൈപുണ്യം

ഇന്ത്യൻ വിഭാഗങ്ങളുടെ സമരവൈദഗ്ദ്ധ്യത്തെപ്പററി പ്രത്യേകം എടുത്തു പറയേണമെന്നില്ല. ഇന്ത്യൻസേനകൾ 21 വി.സി.കൾക്കവകാശികളായിത്തീർന്നിരിക്കുന്നു; മൂന്നു വൻകരകളിൽ അവരുടെ വീര്യപരാക്രമങ്ങൾ പ്രശസ്തമായിക്കഴിഞ്ഞു. ഇന്ത്യൻ പട്ടാളത്തെ കാണുന്നതുതന്നെ സന്തോഷാവഹമായ ഒരു സംഗതിയാണ്. പൊക്കമേറിയതും ശ്മശ്രുവുള്ളതുമായ സിക്കുകൾ; തറവാടിത്തമുള്ള വൃദ്ധരായ സുബേദാർമേജർമാർ; പച്ചനിറത്തിലുള്ള കണ്ണോടുകൂടിയ ഭയങ്കരമായ പത്താന്മാർ; അഭിമാനികളും മീശക്കാരുമായ രജപുത്രർ; മദ്ധ്യഇന്ത്യയിലെ കൃഷിക്കാരായ ജത്തുകൾ; ചുറുചുറുക്കുള്ള കുറിയന്മാരായ മഹാരാഷ്ട്രക്കാർ; ഹിമാലയൻ താഴ്‌വരയിൽനിന്നു വരുന്ന മങ്കോളിയൻ മുഖത്തോടുകൂടിയ ഡോഗ്രകളും, ഗാർവാലികളും; കറുപ്പു നിറക്കാരും തമാശക്കാരുമായ തമിഴർ,—ഇങ്ങനെ പലരേയും നിങ്ങൾക്കു ഇന്ത്യൻസേനയിൽ കാണാം.

പലക്കു വിശ്വാസമുണ്ട്, വെറും ശമ്പളത്തിന്നു വേണ്ടിമാത്രമാണ് ഇന്ത്യക്കാർ ശിപ്പായികളായി ചേരുന്നതെന്ന്. ഇന്ത്യയെപ്പോലെയുള്ള ഒരു ദരിദ്രരാജ്യത്തു അതു സ്വാഭാവികമാണ്താനും. എന്നാൽ ഇതുകൊണ്ടുമാത്രം മുഴുവനുമായില്ല. ഇന്ത്യയിൽ സൈനികജീവിതം ബഹുമാന്യമാണ്. തങ്ങളും "പ്രദർശനത്തിൽ" വേണമെന്ന ഒരാവേശംകൊണ്ട് മാത്രംചേർന്ന ചിലരുണ്ട്; യുദ്ധാനന്തരം ഉപയോഗപ്രദമായ സാങ്കേതിക പരിജ്ഞാനവും, പരിശീലനവും കൈക്കലാക്കാമെന്നുള്ള ഉദ്ദേശ്യത്തോടെ ചേർന്നവരും ഉണ്ട്.

## മാററങ്ങൾ

ഈ യുദ്ധംമൂലം ഇന്ത്യൻ സേനയിൽ പല മാററങ്ങളുമുണ്ടായിട്ടുണ്ട്. പഴയ ആചാരങ്ങളും അനുഷ്ഠാനങ്ങളും പലതും മാറിമറഞ്ഞുപോയി. ഭക്ഷണകാര്യം തന്നെ നോക്കുക. ആരാണ് പാകം ചെയ്യുന്നതു്, എന്താണ് ആ പദാർത്ഥം, മാംസമോ സസ്യമോ, എന്ന നോട്ടം ഇല്ല. ഇന്ത്യൻ പട്ടാളക്കാരൻ ഇന്നു ഒരു നല്ല ചായകുടിക്കാരനാണ്. "കാക്കി സിഗരററ്" എന്നു പറയാറുള്ള ബീഡി അവർ ഉപേക്ഷിച്ചു 'വുഡ്ബൈൻ, പ്ലേയേഴ്സ്' മുതലായ സിഗരററുകൾ വലിക്കാൻ തുടങ്ങിയിരിക്കുന്നു. ആരോഗ്യരക്ഷക്കുവേണ്ടിയ പ്രാഥമിക വൈദ്യമുറകളെപ്പററി പലക്കും അറിയാം.

ബ്രി: ഓഫീസർമാക്കുള്ള ക്ഷാമം, ഇന്ത്യൻ സേനയുടെ വിപുലീകരണം ഇവമൂലം ഇന്ത്യക്കാരും ഇന്നു ഓഫീസർമാരായി നിയമിക്കപ്പെട്ടുവരുന്നു. അവരുടെ നേതൃത്വവും പ്രാപ്തിയും പ്രശംസനീയമാണ്.

യുദ്ധാനന്തരം ഈ പരിവർത്തനങ്ങളും, ഐക്യബോധവും ഇന്ത്യൻ ദേശീയ ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തുമെന്നു ഇപ്പോൾ പറഞ്ഞുകൂടാ. ഇന്ത്യയുടെ സുഹൃത്തുക്കളെല്ലാവരും അങ്ങിനെ വരുമെന്നാണ് ആശിക്കുന്നതു്. വർഗ്ഗീയമത്സരം ഉപേക്ഷിച്ചു, തൽസ്ഥാനത്തു് സഹകരണബോധം സംജാതമാകുന്നപക്ഷം പല മഹനീയകാര്യങ്ങളും ചെയ്യാമെന്നു ഇന്ത്യൻസേന പ്രദർശിപ്പിച്ചിട്ടുണ്ട്.



ഈസ്റ്റ് പ്രഷ്യയിൽ ചുവപ്പുസേനയിലെ ചില ഭടന്മാർ.

## രണാങ്കണത്തിൽനിന്നു്

(പി. ജെ. ജോസഫ്)

(മഞ്ജരി)

വാരുററ സൌന്ദര്യപൂരം നുകർന്നു നിൻ
ചാരുതയിൽ ഗർവ്വം പൂണ്ടുനിൽക്കെ,
കെട്ടിപ്പിടിച്ചെന്നെത്തങ്കക്കരങ്ങളാ-
ലൊട്ടൊരാറോടു ചേർത്തുമ്മവയ്ക്കെ,
രാഗസുഷുപ്തിയിലന്യോന്യമന്നു നാം
മോഹനസ്വപ്നങ്ങൾ കണ്ടിരിയ്ക്കെ,
ആരറിഞ്ഞോമനേ, ഭാവിയിലിക്കൊട്ടം
കാർമുകിൽ മാലകളേറുമെന്നായ്?

കൊച്ചുപൂന്തോപ്പുമപ്പച്ചക്കിളികളും
പിച്ചകപ്പൂക്കളും, പൂമാലയും;
ചന്ദനശീതളചന്ദ്രികയും, പ്രേമ-
കന്ദളം തൂകും 'മധുമാസ'വും,
കണ്ണിച്ചു കാൺമൂ! ഞാൻ മന്മനവീഥിയി-
ലിന്നവ പാഴ്ദിവാസ്വപ്നമായി.

ആയിരമായിരം രംഗമരീചിക-
ളാനന്ദനിർവൃതിപ്പൊൻകതിർകൾ
പാരിൻ ചവിട്ടിൽ പതിഞ്ഞുകിടക്കയായ്
വാരിധിയിൽ നറുംമുത്തുപോലെ,
തങ്കക്കിനാവുകൾ കെട്ടിപ്പടുത്തു ഹാ,
സങ്കല്പസൌധങ്ങളെത്ര പാഴിൽ!!

* * *

കാളുന്ന ദുന്നയം, കാകോളം നീളവേ
മേളിച്ചെറിയും രണാങ്കണത്തിൽ,
പാരം കൊതിപ്പൂ! സമരഗന്ധർവ്വിതൻ
ചോരകുടിച്ചു സംതൃപ്തി നേടാൻ.
ഇക്ഷണമെത്താൻ ചിറകു വിരിപ്പുഞാൻ
പക്ഷങ്ങളില്ല; നാം മർത്ത്യരല്ലേ?
ഭള്ളുപറഞ്ഞോരാ 'കള്ളപ്രഭുക്കളും'
തുള്ളിമദിച്ചോരാ 'വാനരരും'
മുമ്പുപിടിപാടുവാനാകാതെയിമ്മട്ടി-
ലമ്പരന്നേവം വിറച്ചുനില്ക്കേ;
നട്ടുവളർത്തിയോരാശാലത സ്വയം
കെട്ടിവരിഞ്ഞു കഴുത്തിറുക്കേ,
എന്തു നീ ചൊല്ലുയോ പിന്തിരിഞ്ഞീടുവാൻ
ഹന്ത, മർത്ത്യകഭിമാനമില്ലേ?
ഇമ്മഹാതിക്രമവിക്രയവേളയിൽ
ധർമ്മവിചോപനായ് നില്ക്കയോ ഞാൻ?
വീരരോടൊത്തടരാടി ജയിച്ചു നിൻ
ചാരത്തണഞ്ഞിടാം മോമനേ, ഞാൻ!

## ഗൃഹോന്മുഖം

(കെ. പി. കെ. ഉണ്ണി)

(അന്നനട)

സമരഭാനുമാ, നണകയായിതാ
ചരമസാനുവിൽ, ലറിഞ്ഞിടതാസഖേ!
അടരണി നിണത്തുണികളാക്കെയു-
മട്ടത്തഴിച്ചുനാമകററിടേണ്ടതാം.
മഹാഹവം മുടി, ഞ്ഞവര,വരുടെ
ഗൃഹോന്മുഖം മനമയച്ചു നോക്കയായ്.
ചിരവിരഹിയാം വരർവരാഗിനെ-
ക്കരുതിവാഴ്കയാം വരാംഗിമാർ ചിലർ;
മദമധുഭരം മുഴത്തിരിക്കയാം
കദനകാമുകീ നതാംഗിമാർ ചിലർ;
അരിനിരകളിൻ രുധിരഗംഗയാ-
ലലംഘ്യരായ് വരും തനയരീർത്ഥരെ
പരിചരിയ്ക്കുവാൻ, പലതുമോതുവാൻ,
പൊരിഞ്ഞിരിയ്ക്കയാം പിതാക്കളാം ചിലർ;
രണാതപത്തിനാൽ വരൾച്ചവാച്ചതാം
മണിക്കിടാങ്ങളിന്നുടൽ കഴുകുവാൻ
വഴിയുമവ്വിധം നയനനീരിനാൽ
കനത്തിരിക്കയാം ജനനിമാർ ചിലർ.

* * *

മതി, മതി, നേക്രു മനഃപറവെ! നിൻ
വ്യതിചലനമീ മുറ മുടിച്ചിടാം:
അരികരി മുകിലെരു ശകലമു-
ണ്ടതാ, ചരിപ്പുനാ, മതും തുലക്ഷണം.
അതിൻ ശേഷം നമുക്കടരെല്ലാം കഴി-
ഞ്ഞുണയാം ശാന്തിതൻ നറുംതണലിങ്കൽ.

-ശുഭം-

# ബ്രിഗേഡർ കെ. എസ്. തിമ്മയ്യ

## ഒരു ബ്രിഗേഡിൻെറ നേതാവായ ആദ്യത്തെ ഇന്ത്യൻ യോദ്ധാവു



ബ്രി. തിമ്മയ്യ

മുപ്പത്തൊമ്പതു വയസ്സു പ്രായംചെന്ന ബ്രിഗേഡർ കോദണ്ഡ സുബയ്യ തിമ്മയ്യയെ ഈയിടെ സമരത്തിൽ ഒരു ബ്രിഗേഡ് നയിക്കുന്നതിന്നായി നിയമിച്ചുവെന്നു ഈ ആഴ്ചയിൽ പ്രസ്താവിച്ചിരിക്കുന്നു. ആറക്കാനിൽ കാങ്ങ്ഗാ സമരത്തിൽ അദ്ദേഹം ഒരു ആക്ടിങ്ങ് ബ്രിഗേഡിയർ എന്ന നിലയിൽ നൽകിയ നേതൃത്വവും പ്രദർശിപ്പിച്ച നൈപുണ്യവും പ്രശംസാവഹമാണ്. അദ്ദേഹത്തിൻെറ ഈ ധീരസേവനങ്ങൾക്കും, ഗുണഗണങ്ങൾക്കുമായി ഇപ്പോൾ ഒരു ബ്രിഗേഡിനെ നയിക്കുന്നതിന്നായി നിയമിച്ചു. ഈ സ്ഥാപനത്തിൽ നിയമിക്കപ്പെടുന്ന ആദ്യത്തെ ഭാരതീയനാണ് തിമ്മയ്യ.

പൊക്കമുള്ളവനും ദൃഢകായനുമായ ഈ ദക്ഷിണേന്ത്യൻെറ രണ്ടു സഹോദരന്മാരും സൈനികസേവനത്തിലാണ്. 1944 ൽ ഉക്രൂൾ സമരത്തിൽ അദ്ദേഹത്തിൻെറ ഇളയ സഹോദരനു കലശലായി മുറിപററി.

ബാങ്കളൂരിലെ ബിഷപ്പ് കോട്ടൺസ് സ്കൂളിൽ വിദ്യാഭ്യാസത്തിന്നുശേഷം സാൻഡർസ്റ്റിൽ പരിശീലനത്തിന്നായി അദ്ദേഹത്തെ തെരഞ്ഞെടുത്തു. 1925 ൽ അദ്ദേഹം ഇന്ത്യയിൽ വന്നു. ആദ്യം ഹൈലാൻററ് ലൈററ് ഇൻഫാൻട്രിയിലും, പിന്നീടു 19-ാം ഹൈദരബാദ് റജിമെൻറിലും അദ്ദേഹം സേവനം നടത്തി. 1938ൽ കറച്ചിട മദ്രാസ് യൂനിവേർസിററി ട്രെയിനിങ്ങ് കോറിലെ അഡ്ജൂററൻറായി അദ്ദേഹം ജോലി ചെയ്തിട്ടുണ്ട്. പിറെറക്കൊല്ലം അദ്ദേഹം സിങ്കപ്പൂരിലേക്കു പോയി.

### മൌണ്ട്ബാററൻ പ്രഭുവിൻെറ അഭിനന്ദനം

"ഇയ്യിടെയുണ്ടായ ആറക്കാൻ സമരത്തിൽ, താല്ക്കാലികകമാണ്ടു വഹിച്ചുകൊണ്ടു നിങ്ങൾ ചെയ്ത പോർ കണ്ടപ്പോൾ, നിങ്ങൾക്കു സ്ഥിരമായി ഒരു ബ്രിഗേഡിയരുടെ ഉദ്യോഗം തരണമെന്നു ഞാൻ ഉദ്ദേശിച്ചു. യുദ്ധത്തിൽ ഒരു ഇൻഫൻട്രി ബ്രിഗേഡിൻെറ ബ്രിഗേഡിയറായി ആദ്യം നിയമിതനായ ഒരു ഇന്ത്യൻ ആഫീസർ എന്ന നിലക്ക് ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു.

ഇന്ത്യയിലെ സർവ്വസൈന്യാധിപനായ ജനറൽ ആക്കിൻലക്കിന്നു ഈ കത്തിൻെറ ഒരു കോപ്പി ഞാൻ അയക്കുന്നു. നിങ്ങളുടെ നേട്ടങ്ങൾ അദ്ദേഹത്തെ സന്തുഷ്ടനും അഭിമാനിതനുമാക്കുമെന്നു എനിക്കുറപ്പുണ്ട്."

ബ്രിഗ്. തിമ്മയ്യ കുടകുകാരനാണ്.

ചെറുകഥ

# നിരാശത

(കെ. പി. രാഘവൻ)

പച്ചപ്പരവതാനി വിരിച്ച കണക്കെയുള്ള പുൽക്കുന്നുകളും നീലഛായ ചവിതമായ വന്മരങ്ങളും ആ പ്രദേശത്തെ വളരെ ആകർഷകമാക്കിയിരുന്നു. കൊച്ചരുവികൾ ആ മലകളുടെ താഴ്‌വരയിൽക്കൂടി പുളഞ്ഞൊഴുകുന്ന ആ കാഴ്ച കാണുമ്പോൾ വെള്ളിച്ചാലുകൾ കളകളരവത്തോടെ ഒഴുകുന്നതാണൊ എന്നു ഏതൊരു കാണിയുടെയും ഹൃദയത്തിലും ഒരാശങ്ക ഉളവാക്കാതിരിക്കയില്ല. സായാഹ്നവേളയിൽ മന്ദമാരുതൻ വനപുഷ്പങ്ങളുടെ സൌരഭ്യവും വഹിച്ചുകൊണ്ടു ആ സ്ഥലത്തു വന്നുകൂടാറുണ്ട്. കന്നോത്തു പുഴയെന്നതു ചരിത്രപ്രസിദ്ധമാണ്. ആ നദിക്കു ഒരു ഗംഭീരമായ പാലമുള്ളതിൽ സായഹ്നസമയങ്ങളിൽ ചില ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ അതിൻെറ രണ്ടു ഭാഗങ്ങളിലുമുള്ള കരിങ്കൽ സീററുകളിൽ വന്നിരിക്കാറുണ്ടു. ഒരു ദിവസത്തെ സായാഹ്നവേളയിൽ രഘു പുഴയുടെ തിട്ടുകളിലുള്ള മണലിൽ ചിന്താമഗ്നനായി ഇരിക്കുകയായിരുന്നു. അധികം ദൂരത്തല്ലാതെ ഒരു തരുണി മന്ദമന്ദം നടന്നുവരുന്നതായി രഘുവിൻെറ ദൃഷ്ടിക്കു ഗോചരമായി. ആയാൾ തരുണിയുടെ മുഖത്തു ഉററുനോക്കി. അവൻ കാഴ്ചയിൽ ഒരു സുന്ദരഗാത്രനും സദാ മന്ദഹാസം തൂകികൊണ്ടിരിക്കുന്ന വദനത്തോടുകൂടിയവനുമാണ്. ഏതൊരു കഠോര ചിത്തനും അവൻെറ മുഖത്തു നോക്കിയാൽ ഹൃദയം വെണ്ണപോലെ ഉരുകിപ്പോകും. ആരും രഘുവെ സ്നേഹിച്ചു പോകത്തക്കതുമായ ഒരു വശീകരണശക്തി അവൻെറ മുഖത്തു സദാ കളിയാടികൊണ്ടിരുന്നു. അവനു പറയത്തക്ക ജോലി ഒന്നും ഉണ്ടായിരുന്നില്ല—തൻെറ വീട്ടുകാര്യങ്ങളും നോക്കി നടക്കുക ഒഴികെ. ഒന്നു രണ്ടു പ്രവൃത്തികൾ അവൻ ആക്ടിംഗായി എടുത്തിരുന്നെങ്കിലും ദുർവ്വിധി അവനെ വിട്ടിരുന്നില്ല. ആ പ്രവൃത്തികളിലൊക്കെയും ആ സാധുവിന്നു വിഘ്നങ്ങൾ ഉണ്ടായിക്കൊണ്ടുമിരുന്നു. സുന്ദരിയും സൌഭാഗ്യ സമ്പന്നയുമായ ആ യുവതിയും രഘുവെ വീക്ഷിക്കുന്നുണ്ടായിരുന്നു. രണ്ടു പേരുടെയും കണ്ണുകൾ തമ്മിലിടഞ്ഞു. പക്ഷെ സ്ത്രീസഹജമായ ലജ്ജ അവളെ നമ്രമുഖിയാക്കി എങ്കിലും രഘു വിട്ടില്ല. അവളാരാണെന്നറിയുവാനുള്ള ഉൽക്കണ്ഠ അവനെ വല്ലാതെ ഇട്ടലട്ടി. സമയം കുറച്ചു കഴിഞ്ഞു. ആ തരുണി യാത്രയായി. അവിടം വിടുന്ന ആ ഘട്ടത്തിൽ അവൾ വീണ്ടും രഘുവെ ഒന്നു തിരിഞ്ഞു നോക്കി. ആ കടാക്ഷവീക്ഷണം രഘുവിൻെറ ഹൃദയത്തിൽ ഒരു ഓളം തള്ളലുണ്ടാക്കി. രഘു, അവളാരാണെന്നറിയുവാൻ ഉൽക്കണ്ഠയോടെ ചിത്തം കൊണ്ടാരാഞ്ഞു. ഇതുവരെ യാതൊരു വിഷയങ്ങളിലും ഇടപെടാത്ത ആ പാവന ഹൃദയത്തിൽ അവളുടെ ആ വീക്ഷണം—അതെ പ്രേമവീക്ഷണം—കുറിക്കുകൊണ്ടു. അവൻെറ ഹൃദയം അവനറിയാതെ ഒന്നു പിടഞ്ഞു. ശക്തിയോടെ മിടിച്ചു. രഘു ചിന്തയിൽ വീണ്ടും മുഴുകി. അവൻ തന്നത്താൻ പറഞ്ഞു, "ഛി, തുഛം, നമുക്കതിന്നെകൊണ്ടെന്താവശ്യം ? നിസ്സാരമായ ഈ വിഷയത്തിൽ ഞാനെന്തിന്നു എൻെറ ഹൃദയം പുണ്ണാക്കുന്നു. ഏതായാലും സമയം രാത്രിയായി. പോകുകതന്നെ" എന്നിട്ടു എഴുന്നേററു അവൻെറ വീട്ടിലേക്കു പോയി.

ദയാളിനി, അതായിരുന്നു ആ സുകുമാരകളേബരത്തിൻെറ പേർ, താരുണ്യദശയെ പ്രാപിച്ചു കഴിഞ്ഞ ഒരു തരുണീമണി. അവൾ ആഫീസിൽ ഒരു ക്ലാർക്ക്—ആ സ്ഥലത്തു ആദ്യമായിട്ടു വന്നതാണ്. പ്രഥമ വീക്ഷണത്തിൽ തന്നെ രഘുവിനെ കുറിച്ചുള്ള മധുരസ്മരണകൾ അവളുടെ ഹൃദയാന്തരാളത്തിൽ ലയിച്ചു കഴിഞ്ഞിരുന്നു. കിനാവിലും ആ മനോഹരരൂപം അവൾക്കാനന്ദമരുളി. "ആ സുകുമാരഗാത്രനില്ലാതെയുള്ള ജീവിതം" അവൾ ചിന്തയിലാണ്ടു. ഹൃദയം സന്താപത്താൽ തകർന്നു. നീണ്ട നെടുവീർപ്പുകൾ അവളുടെ സഹചാരിയായിതീർന്നു. ഏതോ ഒരദൃശ്യ ശക്തി അവളെ ആ പാവനചിത്തൻെറ സന്നിധിയിലേക്കു മന്ദം മന്ദം തള്ളിനീക്കിക്കൊണ്ടിരുന്നു.

രഘുവിലും—ദയാളിനിയുടെ ആ മനോജ്ഞരൂപത്തിൽ ലയിച്ചു കഴിഞ്ഞ ചിത്തം—അവളുടെ പ്രണയ കടാക്ഷതല്ലജങ്ങളുടെ ഓളം തല്ലിയിരുന്നു—ചെറിയ ദീർഘശ്വാസങ്ങൾ ഉത്ഭവിച്ചു. അവളുടെ ആ ഒരൊററ നോട്ടത്തിൽതന്നെ രഘുവിൻെറ ഹൃദയമലിഞ്ഞു. അയാൾ അവളെ അറിയുവാനായി ഉൽക്കണ്ഠയോടെ ആരാഞ്ഞു തുടങ്ങി.

അന്നു ഒരു ഒഴിവു ദിവസമായിരുന്നു. പതിവുപോലെ രഘു തൻെറ മണൽതിട്ടിൽ സ്ഥാനം പിടിച്ചു. പശ്ചിമദിങ്മുഖാശ്ലേഷത്തിൽ ലയിക്കുവാൻ പകലോൻ പ്രയാണം തുടങ്ങി. അംബരമാകുന്ന ചിത്രപലകമേൽ തൻെറ ചെങ്കതിരുണ്ടങ്ങൾകൊണ്ടു ചിത്രവേലകൾ പണിതുകൊണ്ടു ദിനേശൻ മന്ദംമന്ദം ചരമാബ്ധിയിലേക്കു ആഴവാൻ പോകുന്നു. രഘു അസ്തമയസൂര്യൻെറ അരുണകിരണങ്ങൾ തട്ടി ചെഞ്ചായം പൂശിയ തരുതല്ലജങ്ങളെ നോക്കി രസിക്കുകയായിരുന്നു. അഥവാ ഏതൊ ദിവാസ്വപ്നത്തിൽ മനം കുളിപ്പിക്കുകയൊ തപിപ്പിക്കുകയൊ ആയിരുന്നില്ലെന്നാരറിഞ്ഞു ? മന്ദംമന്ദം തൻെറ പിന്നിൽനിന്നു കേട്ട ഒരു കാൽ പെരുമാററം അയാളുടെ ശ്രദ്ധയെ ആകർഷിച്ചു. ഉദ്വേഗത്തോടെ തിരിഞ്ഞു നോക്കി.

"രഘു" പ്രേമം പൊഴിയുന്ന സ്വരത്തിൽ മന്ദമായി അവൾ വിളിച്ചു പോയി! വികാരതരളിതയായ ദയാളിനി—അവളുടെ ഹൃദയം തുടിച്ചു. സ്ത്രീസഹജമായ ലജ്ജ അവളെ നമ്രമുഖി ആക്കി. എന്തെന്നറിയാതെ അവൾ നിശ്ചേഷ്ടയായി നിലകൊണ്ടു. ദേഹം വിയർത്തു കുഴഞ്ഞു—"രഘു !" വീണാനാദം പോലെ ഹൃദയവർജ്ജകമായ ശബ്ദം. അതിൽ എന്തെല്ലാം മനോവികാരങ്ങൾ അന്തർഭവിച്ചിരുന്നില്ല ? ഒരു വിദ്യുല്ലതിക അയാളെ തട്ടിയുണർത്തി. രഘു നോക്കി. അയാളുടെ ഹൃദയം ഒരൊററ കടാക്ഷത്തിൽ കവന്ന ആ തരുണി! "......പ്രേമം വഴിഞ്ഞൊഴുകുന്ന കൺകോൺകൊണ്ടു അവർ പ്രണയാഭ്യർത്ഥന ചെയ്തു. രഘു പറഞ്ഞു: "നോക്കൂ" ......അവൻ വിരമിച്ചു. യഥാർത്ഥ പ്രേമം തിങ്ങിവിങ്ങുന്ന ഹൃദയം തുറന്നു കാട്ടാൻ അവർ രണ്ടു പേരും വ്യാമോഹിച്ചിരുന്നു. അവരുടെ ഹൃദയഭിത്തിയിൽ മറഞ്ഞുകിടന്നിരുന്ന പ്രണയനാടകത്തിൻെറ അരങ്ങേററം കഴിച്ചാൽ രണ്ടു പേർക്കും സിദ്ധിച്ച ആ സുവർണ്ണാവസരത്തെ

അവർ പുകഴ്ത്തി. ആ മനോമോഹനരംഗം അവിടെ പ്രത്യക്ഷമായി.

രഘു: ഭവതി എങ്ങിനെയാണ് എന്റെ പേർ മനസ്സിലാക്കിയതു. ഭവതി ആരാണ്? ഇവിടെ വരുവാൻ കാരണമെന്ത്. പേരെന്ത്?

ദയാ: ഞാൻ ഇവിടുത്തെ ആഫീസിൽ ഒരു ക്ലാർക്കാണ്. തല്ക്കാലം രണ്ടുമൂന്നു മാസത്തെ ബദലിന്നു വന്നതാണ്. രണ്ടു മൂന്നു ദിവസങ്ങൾക്കു മുമ്പു ഞാൻ താങ്കളേ, ഇതേ സ്ഥലത്തു വെച്ചുകണ്ടതായ ആ സുദിനത്തിൽ...... ....അന്നു മുതൽ തന്നെ ആരാണെന്നറിയുവാൻ എന്റെ ഹൃദയം വെമ്പി. ഞാൻ പലരോടും രഹസ്യമായി അന്വേഷിച്ചു ഒടുവിൽ ഇന്നലെയാണ് എനിക്കു രഘുവിന്റെ പേർ അറിയുവാൻ ഇടയായതു്. എന്റെ പേർ ദയാളിനി എന്നാണ്. താങ്കളെ കണ്ടു സംസാരിക്കേണമെന്ന ഒരു മോഹം എന്നെ വല്ലാതെ ഇട്ടലട്ടിയിരുന്നു, ഇതന്നാണ് എനിക്കതിന്നു ഭാഗ്യം സിദ്ധിച്ചതു്.

രഘു: ദയെ! ഭവതിയുടെ ആ കടാക്ഷവീക്ഷണം എന്നെ—ഇതുവരെ യാതൊരു സ്ത്രീഹൃദയത്തിന്നും വഞ്ചിക്കുവാനാവാത്ത എന്റെ ഹൃദയത്തെ—ഭവതിയുടെ ആ ഒരൊററ നോട്ടം എന്റെ ഹൃദയത്തെ കവർന്നുകൊണ്ടുപോയിരുന്നു. ആ ഹൃദയം ഇന്നെങ്കിലും എനിക്കു തിരിച്ചു തരമായിരിക്കാം.

ദയ: ഇതു തെററാണെങ്കിലും ഇന്നു ഞാനതിന്നു ഭാഗ്യം ചെയ്തവളാണ്. അവിടുത്തെ അഭീഷ്ടം എന്തോ അതു സാധിപ്പിക്കുവാൻ ഇവളുള്ളവൾ സദാ സന്നദ്ധയാണ്.

രഘുവിന്റെ ഹൃദയം ആനന്ദത്താൽ തുടിച്ചു. അയാൾ ദയയുടെ പല്ലവസദൃശമായ കരങ്ങൾ ഗ്രഹിച്ചു. കളങ്കമററ പ്രേമാർപ്പണം. അതു എവ്വിധം രൂപാന്തരപ്പെട്ടുമെ ആവോ! മാസങ്ങൾ ഒന്നു രണ്ടു കഴിഞ്ഞു. അവർ ആ അനുരാഗപ്പൊയ്കയിൽ മുങ്ങി ഒന്നായി ഒലിച്ചു ചേർന്നു; രഘുവും ദയാളിനിയും. ഹാ! രണ്ടു പൈങ്കിളികൾ. അവരുടെ ആ പാവന പ്രണയത്തിൽ—അതേ കളങ്കമററ പ്രേമത്തിൽ—ആർക്കു അസൂയ തോന്നും. വെൺതിങ്കൾ മാത്രമായിരുന്നു അവരുടെ അന്നത്തെ പ്രേമപൂജയുടെ ആചാര്യൻ. ദയാളിനിക്കു അവിടം വിടേണ്ടുന്ന കാലമടുത്തു. തന്റെ പ്രാണേശനെ വിട്ടു പിരിയുന്നതിലുള്ള വ്യഥ അവളെ വല്ലാതെ ഇട്ടലട്ടി. അവൾ ആ കോമളദേഹത്തെ എങ്ങിനെ മറക്കും? അവൾ അവസാന യാത്ര പറയുവാൻ—തന്റെ ഹൃദയം കവർന്ന പാവനചിത്തനെ കാണുവാനുള്ള ജിജ്ഞാസയോടെ ദയാളിനി പോയി. നിശ്ചിത സ്ഥാനത്തു തന്റെ ഹൃദയേശ്വരിയേയും പ്രതീക്ഷിച്ചു രഘു ഉൽസുകനായി അങ്ങുമിങ്ങും നോക്കിക്കൊണ്ടിരുന്നിരുന്നു. പനനീർസുമത്തിന്റെ മുല്ലമന്ദഹാസവും ബാലാരുണന്റെ പ്രേമഗർഭാഭിരാമമായ കടാക്ഷവും തമ്മിൽ നർമ്മസല്ലാപം പൊഴിക്കുന്നതു അവർ അഭിനയിച്ചു. "ഓമനേ...............". രഘു വിരമിച്ചു. മനം നീററുന്ന വ്യഥ അവൾ രഘുവിനെ അറിയിക്കുന്നുണ്ടായിരുന്നു. പ്രേമാർപ്പണമായി—കണ്ണീർ കണങ്ങൾ അടർന്നു വീണു. ആ കണ്ണീർ കണങ്ങളാൽ അവൾ ജീവേശനോടു യാത്രാനുമതി വാങ്ങി. വിറക്കുന്ന കൈകളോടുകൂടി അവൻ ദയാളിനിയെ യാത്രയയച്ചു.

രഘു ദയാളിനിക്കു പ്രണയസന്ദേശങ്ങൾ അയച്ചുകൊണ്ടിരുന്നു. ഒരു ദിവസം ദയാളിനി തന്റെ വീട്ടിൽ ഇരുന്നു എന്തോ വായിക്കുകയായിരുന്നു. തപാൽക്കാരൻ അവൾക്ക് കൊടുത്ത ഒരു കത്തു അവൾ ഉൽക്കണ്ഠയോടെ വാങ്ങിച്ചു. പരിഭ്രമത്തോടെ അതു പൊളിച്ചു വായിച്ചു. മുഖം വിവർണ്ണമായി, ആ നീരജലോചനങ്ങൾ അശ്രുകലുഷിതമായി. ചില അക്ഷരങ്ങൾ അവളെ എന്തെന്നില്ലാതെ വേദനിപ്പിയ്ക്കുകകൂടി ചെയ്തു. ഏതോ ഒരു അവ്യക്ത ശബ്ദത്തോടെ അവൾ തൽക്ഷണം നിലം പതിച്ചു.........

കഠിനമായ പനി അവളെ ബാധിച്ചിരുന്നു. കിടക്കയിൽനിന്ന് എഴുന്നേല്ക്കരുതെന്നായിരുന്നു ഡാക്ടരുടെ കല്പന. മാസം രണ്ടു കഴിഞ്ഞു. അവൾ എഴുന്നേററു നടന്നുതുടങ്ങി.

വീണ്ടും ആ എഴുത്തവൾ വായിക്കുവാൻ പലവുരു ശ്രമിച്ചു.

*  *  *


നിയതിയുടെ നിയമം ലോപംകൂടാതെ നടന്നു. രഘുവിന്റെ പ്രണയലേഖനങ്ങൾ വന്നുകൊണ്ടിരുന്നു. ആ ഒരു തൂലികതുമ്പുകൾമാത്രം അവൾക്കാശ്വാസം നല്കി. ദയാളിനിയുടെ പിതാവ് അവൾക്കു ചില വിവാഹാലോചനകൾ നടത്തുന്നു. അതവൾക്കു മരണത്തേക്കാൾ ഭീതിയായിരുന്നു. ഒരു ദിവസം അർദ്ധരാത്രി ദയാളിനി—അവളുടെ ക്ലാർക്ക് ഉദ്യോഗത്തേയും മാതാപിതാക്കന്മാരെയും വിട്ടു യാത്രയായി.

വർഷങ്ങൾ വീണ്ടും അഞ്ചു കഴിഞ്ഞു. ബർമ്മക്കടുത്തുള്ള ഒരു സഖ്യസേന താവളം. ആഫീസ്മുറിയിൽ സുബേദാർ ഇരുന്ന് അന്നത്തെ ആഫീസുജോലി ചെയ്യുകയായിരുന്നു. അവിടെ പുതുതായി എത്തിയ ലേഡിഡോക്ടർ ആഫീസുമുറിയുടെ വാതില്ക്കൽ എത്തി അവൾ മന്ദംമന്ദം ആഫീസിൽ പ്രവേശിച്ചു. സഖ്യകക്ഷിതാവളത്തിലെ കാഴ്ച. ദയ ചഞ്ചലിതഹൃദയയായി. ആ നീലോല്പല നയനങ്ങൾ ഒരിടത്തു സഹർഷം വിഹരിക്കതന്നെ ചെയ്തു. അതെ, ചിത്രത്തിലെഴുതിയപോലെ അവൾ തെല്ലിട അവിടെ അങ്ങിനെ നിന്നുപോയി! നേത്രങ്ങൾ തന്നെ വഞ്ചിക്കുകയല്ലെ? അവൾ സ്വയം ചോദിച്ചു. ആ ലോലചിത്തത്തിൽനിന്നു ചില നൈസർഗ്ഗിക നിശ്വാസങ്ങൾ പൊട്ടിപ്പുറപ്പെട്ടു.

നേരിയ ഒരു ശബ്ദം. അയാൾ തലയുയർത്തി—അവരുടെ നോട്ടങ്ങൾ അന്യോന്യമിടഞ്ഞു. അടിക്കടി പൊന്തിവരുന്ന വിചാരപരമ്പരകൾ അയാളെ നിയന്ത്രണം ചെയ്തു. അല്പം പതറിയ സ്വരത്തിൽ "ദയാളിനി..." അയാൾ വിളിച്ചു. ആ പ്രേമമയമായ ശബ്ദശ്രവണത്തിൽ അവളുടെ മനം കുളുർത്തു അവൾ അമ്പരന്നു. അവൾ ഞെട്ടി. ഹൃദയം പിടഞ്ഞു ഒരു മിന്നൽപിണർ അവളുടെ ഹൃദയത്തിൽ കൂടി മിന്നി. ഒരായിരം വികാരവിദ്യുല്ലതകൾ അവളുടെ മനോഗഗനത്തിൽ മിന്നിപ്പൊലിഞ്ഞു. വിഭിന്നവികാരപരമ്പരകളുടെ സംഘട്ടനം—വ്രീളാവേശിതയായി അവൾ ടൌവൽ എടുത്തു മുഖം തുടച്ചു. ആഫീസർ വരേണ്ട സമയമായതിനാൽ അവർ അവരുടെ കൃത്യാന്തരങ്ങളിൽ തള്ളിവിട്ടു.

ആ പട്ടാളജീവിതം വീണ്ടും അവൾക്കു ഒരാനന്ദമരുളി. ദയാളിനിയുടെ നിർബ്ബന്ധത്തിന്നു വിധേയനായ രഘുനാഥ് ഒരു ദിവസം അവളുടെ സ്വന്തം മുറിയിലേക്കു ചെന്നു. അവർ സരസസംഭാഷണങ്ങൾ തുടർന്നു. അവളുടെ ഓരോ വാക്കിലും അന്തർലീനമായിരുന്ന വാക്ശരങ്ങൾ അയാളെ പല നിലയിലും വിഷമപ്പെടുത്തി. "ഞാൻ ഒരു ഭടനായതു എന്തിനാണെന്നു ദയ ഇനിയും മനസ്സിലാക്കിയിട്ടില്ലയെന്നോ. ദയാളിനി, ഞാൻ പണ്ടത്തെ രഘുവായിട്ടല്ല ഇന്ന് ജീവിക്കുന്നതു്. പ്രത്യുത ഭവതിയുടെ ഭാവിജീവിതം മംഗളകാംക്ഷിയായി തീരേണമെന്നുവെച്ചാണ് എന്റെ നിശ്ചയം." രഘുവിന്റെ മർമ്മഭേദകമായ വാക്ക്; അവൾ ചിന്തയിലാണ്ടു. രഘുവിന്റെ കൈത്തണ്ടകൾ അവളുടെ കരപല്ലവങ്ങൾക്കിടയിൽ കിടന്നു ഞെരുങ്ങി. അവൻ തുടർന്നു: "ദയേ! പ്രണയവികാരങ്ങൾ എന്നിൽ ഉത്തേജിപ്പിച്ച ആ സുവർണ്ണവർഷം—സുരഭിലസുന്ദരമായ ആ ജീവിതപൂനിലാവിൽ കട്ടംകാകോളമയമായ കരിങ്കാർമേഘാവരണം ചെയ്ത ആ വർഷം—കണ്ണീരിലേക്കു മാർഗ്ഗദർശം ചെയ്ത ആ ശപിക്കപ്പെട്ട ആണ്ട്—വികാരവിപ്ലവങ്ങൾ ഒരു ഭയങ്കര രൂപിയായി എന്നെ വിഴുങ്ങുവാൻ വായ തുറന്നുംകൊണ്ടു പ്രത്യക്ഷപ്പെട്ടു. സദാ മർമ്മഭേദകമായ ചിന്താശരങ്ങൾ—വീർപ്പുമുട്ടിക്കുന്ന നെടുതായ ആശ എന്നെ നിരാശയിലേക്കു വലിച്ചുതള്ളിയ ആ കാലം—ഭവതിയുടെ വേർപാടു എന്നെ ഈ ജീവിതത്തിലേക്കു തള്ളിവിട്ടു. ഞാൻ ശമ്പളസുഖത്തേയോ വസ്ത്രസുഖത്തേയോ ഭക്ഷണസുഖത്തേയൊ ഓർത്തു ഒരു ഭടനായി ചേർന്നതല്ല. ഭവതിയുടെ അഭ്യുദയകാംക്ഷിയായും—ഭാരത ജനതയുടെ പാരതന്ത്ര്യത്തെ പോക്കി നാട്ടിൽ സമാധാനവും നടത്തുവാൻവേണ്ടി മാത്രമാണ് ഞാൻ ഭടനായതു്. ഫാസിസ്റ്റുകളെ, നാടൻനാസികളായ വഞ്ചകന്മാരെ, കൊള്ളക്കാരെ, അഞ്ചാംപത്തിക്കാരെ, നിർദ്ദയം നായാടി പിടിച്ചു ശിക്ഷിക്കുവാനും—സമാധാനവും നീതിപ്രിയന്മാർക്ക് സുഖജീവിതത്തിന്നുള്ള വഴികൾ കാട്ടിക്കൊടുക്കുകയുമാണ് ഒരു ഭടന്റെ കടമ. പടനിലത്തിലും അവന്നു വിവാഹാലോചനയും പ്രണയനാടകത്തിന്റെ ചിന്തയുമല്ല വേണ്ടതു്. പടയിൽ ജയിക്കുവാനും ശത്രുസംഹരണത്തിന്നുമാണ് അവന്റെ ശ്രദ്ധ പതിയേണ്ടതു്. ദയേ! ഭവതിയുടെ പ്രണയം ശരിയാണെങ്കിലും ഇന്നു മുതൽ നാം സഹോദരീസ്നേഹമായി ഈ പുണ്യജീവിതം നയിക്കേണമെന്നാണ് എന്റെ ആഗ്രഹം മുഴുവനും."

"താങ്കളുടെ ആദർശവാദഗതി വിചിത്രം തന്നെ" ഇത്രയും പറഞ്ഞു ദയാളിനി മുറി വിട്ടു പുറത്തു പോയി. രഘു ചുമരിൽ തൂക്കിയിട്ടുള്ള ഭൂപടങ്ങളിലേക്ക് വെറുതെ തുറിച്ചുനോക്കിക്കൊണ്ടു നിന്നു. അതേ, അവന്നു ജോലി വേറെയുണ്ട്!



കർസ്റ്റഡ് ത്താങ്ങിൽനിന്നു നോക്കിയാൽ കാണുന്ന ബർല്ലിൻ.

# പരിവർത്തനത്തിന്റെ പടിവാതില്ക്കൽ

(എം. ഗോവിന്ദൻ.)

അവസാനം നമ്മൾ വിജയത്തിന്റെ വക്കത്തെത്തിക്കഴിഞ്ഞു. വിജയം എന്നു കേൾക്കുമ്പോൾ, നമുക്കെല്ലാവർക്കും ഒരു പൊട്ടിത്തരിപ്പുണ്ടാകുന്നു. ആവേശത്തോടുകൂടിയല്ലാതെ ആ പദം ഉച്ചരിക്കുന്നതിന്നു പോലും നമുക്കു സാദ്ധ്യമല്ല. കാരണം, വിജയം എന്ന മൂന്നക്ഷരത്തിൽ ഉൾക്കൊള്ളുന്ന കാര്യങ്ങൾ അത്രമേൽ ആദരണീയവും, അഭിലഷണീയവുമാണ്. ആകാശം എന്നു പറഞ്ഞാൽ, ഉടൻ തന്നെ ആയിരമായിരം നക്ഷത്രങ്ങളും, ചന്ദ്രനും, മേഘങ്ങളും, അനന്തമായ നീലിമാപ്രസരവും, സൂര്യനും മററും ഒരു കവിഹൃദയത്തിൽ എങ്ങിനെ ഭാവനകളിളക്കുന്നുവൊ, അതേമാതിരി തന്നെയാണ്, വിജയം എന്ന ആ വാക്കിന്റെ ശ്രവണമാത്രത്തിൽതന്നെ, അതു കൊണ്ടുണ്ടായേക്കാവുന്ന സാമൂഹ്യ പരിവർത്തനങ്ങളും, സമാധാനവും ശാന്തിയും, സംരക്ഷയും, അതിന്നായി നാം ചെയ്ത ത്യാഗങ്ങളും, അനുഭവിച്ച കഷ്ടനഷ്ടങ്ങളും നമ്മുടെ കൺമുന്നിൽ സജീവങ്ങളായി ദർശിക്കുന്നത്. ഇന്നത്തെ ജനകീയാഭിപ്രായവാദികളുടെ 'ഓങ്കാര'മാണ് വിജയം. മർത്ത്യസമുദായത്തിന്റെ മുമ്പിൽ മുഴുവനും പുതുമയുടെയും നവോത്ഥാനത്തിന്റെയും ദിവ്യരശ്മികൾ വിതച്ചുകൊണ്ടാണ്, വിജയരേഖകൾ ചക്രവാളത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഈ ചിന്തയിൽ പോലും മനുഷ്യതയുടെ ഹൃദയം, പൈമ്പുലരിയിൽ നിൽക്കുന്ന പൂമുകുളങ്ങളെപ്പോലെ ഇതളുകൾ വിടർത്തുന്നു.

എന്നാൽ നാം പിന്നിട്ട ദുരിതഭൂയിഷ്ഠമായ കാലഘട്ടത്തിലേക്കു ഒന്നു തിരിഞ്ഞുനോക്കുമ്പോൾ ഞെട്ടിപ്പോവുന്നു. എങ്ങിനെയാണ് വിയർപ്പും, വീഴ്പ്പും, അദ്ധ്വാനവും, കണ്ണീരും രക്തവും ചൊരിഞ്ഞുകൊണ്ടു വിജയത്തിലേക്കുള്ള യാത്ര നാം തുടർന്നതെന്നും നമുക്കു തന്നെ അറിഞ്ഞുകൂടാ. യുദ്ധങ്ങൾ മനുഷ്യലോകത്തിന്നു വളരെ സുപരിചിതമായ ഒന്നാണ്. സമുദായത്തിന്റെ ആവിർഭാവം മുതൽക്കു നാളിതുവരെയും നിരവധി യുദ്ധങ്ങൾ ലോകത്തിലെങ്ങും തന്നെ അപ്പപ്പോഴായി ആവർത്തിക്കപ്പെട്ടിട്ടുണ്ട്. പലപ്പോഴും, നിത്യജീവിതത്തിലെ ഒരു സംഭവമായിട്ടേ ആളുകൾ ചില യുദ്ധങ്ങളെ കണക്കാക്കിയിട്ടുള്ളു. ഭൂഗോളത്തിന്റെ ഏതെങ്കിലുമൊരിടത്തു, യുദ്ധം എപ്പോഴും ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. ആ യുദ്ധങ്ങൾ, പല പേരിലും, പല രൂപത്തിലും നിറത്തിലുമാണ് പ്രത്യക്ഷപ്പെട്ടതു എന്നു മാത്രം.

എന്നാൽ ഇന്നു നാം അഭിമുഖീകരിക്കുന്ന യുദ്ധം ഇവയിൽനിന്നൊക്കെ തികച്ചും വ്യത്യസ്തമാണ്. ഭയങ്കരതയിലും, വ്യാപ്തിയിലും മാത്രമല്ല, ഉള്ളടക്കത്തിലും ഇന്നത്തെ യുദ്ധത്തിനോട് ഉപമിക്കാവുന്ന മറെറാരു സംഘട്ടനം മനുഷ്യചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. യുദ്ധം, ഏതുദ്ദേശത്തിനായിട്ടായാലും, നിലവിലുള്ള ജീവിതരീതിയെ താറുമാറാക്കുകയും, സാമൂഹ്യബന്ധങ്ങളെ തട്ടിത്തകർക്കുകയും ചെയ്യുന്നു. പക്ഷെ ഇന്നത്തെ യുദ്ധം, ആ വക വിഷയങ്ങളിൽ വളരെയധികം മുന്നിട്ടു നിൽക്കുന്നു. മർദ്ദനപരമായ, അക്രമനിരതമായ ഒരു വ്യവസ്ഥയുടെ അടിസ്ഥാനം ആകപ്പാടെ അട്ടിമറിച്ചു, തൽസ്ഥാനത്തു ഒരു സമാധാനപരമായ സാമൂഹ്യരീതിയെ അധിഷ്ഠിതമാക്കുകയുമാണ് ഈ യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ. ആ നിലയ്ക്കാണ്, ലോകത്തിലെ പുരോഗമനവാദികളെല്ലാം തന്നെ യുദ്ധത്തെ വീക്ഷിച്ചു വന്നിട്ടുള്ളതും വീക്ഷിച്ചു വരുന്നതും. ഇതേ. ഒരു കാരണത്താൽ തന്നെയാണ് പുരോഗമനത്തിന്റെ വിരോധികളും, പരിവർത്തനത്തിന്റെ ബദ്ധശത്രുക്കളും, പഴമയെ പാടിവാഴ്ത്തുന്നവരുമായ യഥാസ്ഥിതികന്മാർ എതിർപക്ഷത്തിൽ ചേർന്നു പൊരുതുന്നതിന്നു നിർബ്ബന്ധിതരായതും.

ചരിത്രശകടത്തിന്റെ ചക്രങ്ങൾ പിന്നോട്ടു തിരിക്കുന്നതിന്നു സമുദായത്തിലെ പ്രതിലോമപക്ഷക്കാർ ശ്രമിച്ചു; പുരോഗമനത്തിന്റെ കാൽ വാരി താഴെയിടുന്നതിന്നു അവർ കോപ്പുകൂട്ടി. പരിവർത്തനത്തെ പിന്നിൽ കുഴികുത്തി അപകടത്തിലാക്കുന്നതിന്നുള്ള പദ്ധതികൾ അവർ ആലോചിച്ചുറച്ചു. എന്നാൽ അതു അത്രമേൽ അസാദ്ധ്യമായ ഒരു കാര്യമാണെന്നു അവർക്കു മനസ്സിലായില്ല; അവർ മനസ്സിലാക്കുകയുമില്ല. ഫാസിസം മനുഷ്യതയുടെ തലക്കു കയററിവെച്ച ആ ഭാരം അതിന്റെ വളർച്ചയെ വിഘാതപ്പെടുത്തി. ആ ഭാരം ഊക്കോടെ വലിച്ചെറിയുന്നതിന്നുള്ള ഉദ്യമമാണ് ഈ യുദ്ധം. കനത്തതാണ് ആ ഭാരം; കുറച്ചുകൂടെ അതു ചുമക്കുന്നപക്ഷം മാനവസമുദായം കിരാതത്വത്തിലേക്കും പിരണ്ടു വീഴും. ആ ആപത്തിനെ തടയണമെങ്കിൽ കിണഞ്ഞു ശ്രമിക്കണം. ആ ഉദ്യമത്തിന്റെ ബഹിർപ്രകടനങ്ങളാണ് ഈ മഹായുദ്ധത്തിൽ നാം ദർശിക്കുന്നത്.

നമ്മുടെ ജീവിതത്തിന്റെ പശ്ചാത്തലം ഇതാണ്.

ഇന്നത്തെ പരിവർത്തന സംരംഭത്തിന്റെ രഹസ്യം ഇതാണ്. ഇതുകൊണ്ടാണ് മഹനീയമായ പുരോഗമനത്തിന്റെ പടിവാതില്ക്കൽ നാം ഇന്നു എത്തിച്ചേർന്നത്.

ഇതേ കാരണങ്ങളാൽ തന്നെയാണ് ഇന്നത്തെ ചരിത്രം ഏററവും സംഭവബഹുലവും, ഒച്ചപ്പാടുള്ളതുമാണ് എന്നു ലോകത്തിലെ ചിന്തകന്മാർ ഉൽഘോഷിക്കുന്നതും.

## II

പിടിച്ചുനിർത്താൻ വയ്യാത്ത ഒന്നത്രെ സാമൂഹ്യ പുരോഗമനം.

ഈ അഭിപ്രായഗതിക്കു ഉപോൽബലകമായ തെളിവുകൾ എത്ര വേണമെങ്കിലും ചരിത്രത്തിൽനിന്നു നമുക്കു തപ്പിയെടുക്കാവുന്നതാണ്. ചരിത്രത്തിന്റെ ഓരോ ദശാസന്ധിയിലും വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവും, ആശയപരവുമായ ആ മാററങ്ങൾ ഉണ്ടാക്കിയ ഒച്ചപ്പാടുകൾ കുറച്ചൊന്നുമല്ല. അവയ്ക്കൊക്കെ വമ്പിച്ച സംഘട്ടനങ്ങളും ആവശ്യമായി വന്നിട്ടുണ്ട്. ചരിത്രത്തിന്റെ മുന്നോട്ടേയ്ക്കുള്ള ഓരോ കാലെടുത്തുവെപ്പിലും അക്രമത്തിന്റെയും, ബലാല്ക്കാരത്തിന്റെയും ലാഞ്ഛനകൾ കാണപ്പെട്ടിട്ടുണ്ടെങ്കിൽ, അതിന്റെ കാരണം മേല്പറഞ്ഞതൊന്നു മാത്രമാണ്.

പുരോഗമനത്തിന്നുവേണ്ടി കുതികൊള്ളുന്ന ശക്തികൾ നിലവിലുള്ള സാമൂഹ്യഘടനയ്ക്കകത്തു തന്നെയാണ് വളർന്നുവരുന്നത്. അവയുടെ മാർഗ്ഗമദ്ധ്യത്തിൽ, പൊതുക്ഷേമത്തിന്നും, വികാസത്തിന്നും അത്യന്താപേക്ഷിതമായ മാററങ്ങൾക്കുവേണ്ടിയുള്ള സംരംഭങ്ങൾക്കു മുമ്പിൽ, തടസ്സങ്ങൾ വിലങ്ങടിച്ചു കിടക്കാത്തപക്ഷം ഭയാനകമായ ഒരു സംഘട്ടനത്തിന്നുള്ള ആവശ്യമേ ഉണ്ടാകുന്നില്ല. എന്നാൽ ചരിത്രം നൽകുന്ന അനുഭവങ്ങൾ വെച്ചാലോചിക്കുമ്പോൾ, ഇങ്ങനെ സുസാദ്ധ്യമായ ഒരു രീതി ഉണ്ടായതായി അറിയപ്പെടുന്നില്ല. നിലവിലുള്ള വ്യവസ്ഥകൾക്കുള്ളിലൊതുങ്ങിക്കഴിയാൻ സാധിക്കാതെ വളരുന്ന പുരോഗമന ശക്തികളുടെ വളർച്ചയെ നശിപ്പിക്കുന്നതിന്നു ആ രീതിയുടെ പ്രതിനിധികൾ ശ്രമിക്കുകയും, അപ്പോൾ ആ പരിശ്രമത്തെ പുരോഗമന ശക്തികൾ എതിർക്കുകയും ചെയ്യുന്നു. ഇതു ഒരു സംഘട്ടനമായിത്തീരുന്നു.

ലോകത്തിലെ നിർജ്ജീവപദാർത്ഥങ്ങളുടെയും ഭൌതികപരിണാമങ്ങളിൽ ഇതേമാതിരിയുള്ള സംഭവങ്ങൾ സുലഭമാണ്. ഉദാഹരണമായി, ആവിയെത്തന്നെ എടുക്കുക. വെള്ളം ഉഷ്ണമേൽക്കുമ്പോൾ, ആവിയായി പരിണമിക്കുന്നുവെന്നു നമുക്കറിയാം. എന്നാൽ ആ പരിണാമം, അത്ര എളുപ്പത്തിൽ യാതൊരു ഒച്ചപ്പാടുമില്ലാതെയല്ല ഉണ്ടാവുന്നത്. ഒരു വമ്പിച്ച പരിവർത്തനം അതിന്നാവശ്യമായി വരുന്നു! വെള്ളം ചൂടു പിടിച്ചു തിളക്കുമ്പോൾ ആവിയുണ്ടാവുന്നു എന്നു പറയുമ്പോൾ ആരും സാധാരണ ഈ സംഗതി മനസ്സിലാക്കുന്നില്ല. ആവിയുണ്ടാകുമ്പോൾ, ആ ഗതിയിൽ, അതിൽ തന്നെ അന്തർല്ലയിച്ചു കിടക്കുന്നതും, തന്മൂലം അപരിത്യാജ്യവുമായ ഒരു സംഘട്ടനവും ബഹിർപ്രകടനവും ഉണ്ടാവുന്നു. വെള്ളത്തിന്റെ ചൂടു വർദ്ധിക്കുമ്പോൾ, അതിന്റെ മുകൾപ്പരപ്പു വായുസമ്മർദ്ദം കൊണ്ടുണ്ടാവുന്ന പ്രക്ഷോഭത്താൽ തിളക്കുന്നു. ഈ തിളക്കൽ മുകൾപ്പരപ്പിൽ മാത്രമല്ല ഉണ്ടാവുന്നുള്ളു. വെള്ളത്തെ മുഴുവനും തന്നെ ബാധിക്കുന്നു. വെള്ളം തിളപ്പിക്കുന്ന പാത്രത്തിന്നു ഒരു മൂടിയുണ്ടെങ്കിൽ, അതു തെറിപ്പിക്കപ്പെടുന്നു; ആ മൂടി അത്യധികം മുറുക്കമുള്ളതാണെങ്കിൽ, ഒരു പൊട്ടിത്തെറിക്കലുണ്ടാവുന്നു. ഇതു പ്രകൃതിയിലെ ഒരു മൌലിക നിയമമാണ്.

വെള്ളം ചൂടാകുമ്പോൾ, അതു് ഒരു പുതിയ വസ്തുവായി രൂപാന്തരപ്പെടുവാൻ ആരംഭിക്കുന്നു. കുറെ നേരത്തോളം ഈ രീതി ആ പാത്രത്തിന്നകത്തുവെച്ചുതന്നെ തുടരാവുന്നതാണ്. എന്നാൽ അവസാനമാവുമ്പോഴേക്കും, പാത്രത്തിന്നകത്തു തന്നെ ഒതുങ്ങി നിൽക്കുന്നതിന്നുള്ള നിൽക്കക്കള്ളി ഇല്ലാതാകും. അതു പുറത്തു കടക്കാനുള്ള ധൃതഗതിയിൽ പാത്രത്തിന്റെ അടപ്പിനെ തള്ളിത്തുറക്കുന്നു. അടപ്പില്ലാത്ത പാത്രമാണെങ്കിൽ, ഈ സംഘട്ടനത്തിൽ അത്രമേൽ ബലപ്രയോഗം വേണ്ട. എന്നാൽ സാധാരണ വെള്ളവും തിളക്കുന്ന വെള്ളവും തമ്മിൽ തികച്ചും വ്യത്യാസമുണ്ട്. തിളക്കലിൽത്തന്നെ ഒരു സമരമുണ്ട്. വായുസമ്മർദ്ദവും വെള്ളവും തമ്മിലുള്ള ഒരു സംഘട്ടനം. പ്രതിബന്ധം അധികരിക്കുമ്പോഴാണ് സമരത്തിന്നുള്ള തീവ്രതയും ഉഗ്രതയും വർദ്ധിക്കുന്നത്.

പദാർത്ഥങ്ങളുടെ ഗതിയെ നിർണ്ണയിക്കുന്ന ഇതേ നിയമം തന്നെ, പദാർത്ഥ പ്രപഞ്ചത്തിലെ ഒരു ഭാഗമായ മനുഷ്യസമുദായത്തിന്റെ പരിണാമത്തേയും ഭരിക്കുന്നു. പരിവർത്തനങ്ങൾ പുരോഗമനത്തിന്ന് അവശ്യം ആവശ്യമാണ്. ഇവയുടെ ഗതിയെ വിഘാതപ്പെടുത്തുന്നതിന്നു തടസ്സങ്ങൾ ചിലപ്പോൾ പ്രത്യക്ഷമാവുന്നു. അവയെ തട്ടി നീക്കണം; ആ തട്ടിനീക്കലിൽ ബലപ്രയോഗമുണ്ട്. ആവശ്യമുള്ള ഈ തട്ടിനീക്കലിൽ ഉണ്ടാവുന്ന ബലപ്രയോഗം, പ്രതിബന്ധത്തിന്റെ വ്യാപ്തിയനുസരിച്ചും, വലുപ്പച്ചെറുപ്പം കലർന്നതായിരിക്കും. സമുദായത്തിൽ പുതിയ ശക്തികൾ ഉത്ഭവിച്ചു വികസിച്ചു വരുമ്പോൾ, ഒരു തിളക്കൽ എപ്പോഴും ഉണ്ടാകാറുണ്ട്. പദാർത്ഥങ്ങളേയും, അതിലൊന്നായ മനുഷ്യരാശികളേയും ഒരുപോലെ ബാധിക്കുകയും, അവയുടെ ഗതികളെ നിർണ്ണയിക്കുകയും ചെയ്യുന്ന ഒരു മൌലികനിയമമാണിത്. തിളക്കുന്ന വെള്ളത്തിന്റെ പോക്കിരിത്തം കണ്ടു നിങ്ങൾ അമ്പരക്കുന്നപക്ഷം, നിങ്ങൾക്ക് ആവി ലഭിക്കുകയില്ല. അങ്ങിനെ വരുമ്പോൾ ആധുനിക പരിഷ്കാരത്തിന്റെ നിലയെന്തായിരിക്കും? സാമുദായിക പരിവർത്തനങ്ങളെ എതിർക്കുക എന്നുവെച്ചാൽ, പുരോഗമനത്തിന്റെ വിരോധിയാവുക എന്നാണർത്ഥം. സമുദായം ഇന്നത്തെതിൽ തെല്ലും മുന്നോട്ടു പോവരുതു് എന്നു കരുതി വേണമെങ്കിൽ ആ പുരോയാനത്തെ തടയുന്നതിന്നു നിങ്ങൾ പുതിയ സംരംഭങ്ങൾ—പുതിയ അടപ്പുകൾ—ഉപയോഗിക്കുന്ന പക്ഷം പുരോഗമന ശക്തികളുടെ തള്ളിച്ചയും വർദ്ധിക്കും.

## III

ഈ പ്രകൃതി നിയമത്തിന്നു തികച്ചും വിരുദ്ധമായ ഒരു പ്രവൃത്തി കൈയേന്തിയും കൊണ്ടാണു ഫാസിസം ലോകത്തിൽ പ്രത്യക്ഷപ്പെട്ടതു്. നവംനവങ്ങളായ ശക്തികളുടെ ആവിർഭാവം മൂലം ഇളകിമറിഞ്ഞ മനുഷ്യസമുദായത്തെ, മുന്നോട്ടു പോവാനനുവദിക്കരുതെന്നു വിചാരിച്ച്, തിളക്കുന്ന പാത്രത്തിന്ന് അടപ്പിടുംപോലെയുള്ള ഒരു പ്രതിബന്ധ വ്യവസ്ഥയാണ്

ഫാസിസം. ഈ കൃത്യം നിർവ്വഹിക്കപ്പെട്ടതു വളരെ സമർത്ഥമായ വിധത്തിലാണ്. എങ്കിലും, ഈ കയ്യേററം ലോകത്തിൽ അനേകായിരം ആപത്തുകൾക്കും, അക്രമങ്ങൾക്കും കാരണമായി. മർത്ത്യസമുദായം ഇന്നതിന്റെ ബഹിർപ്രകടനത്തെ ഞെക്കിഞെരുക്കുകയും, അടിച്ചമർത്തി വീർപ്പു മുട്ടിക്കുകയും ചെയ്യുന്ന ആ അടപ്പിനെ തള്ളിത്തെറിപ്പിക്കുന്നു. ആ ശ്രമം ഇന്നത്തെ യുദ്ധത്തിലൂടെ കാണുന്നു.

ഫാസിസം ഇങ്ങിനെ ഒരു തടസ്സമായി പ്രത്യക്ഷപ്പെട്ടിരുന്നില്ലെങ്കിൽ സാമൂഹ്യ പുരോഗമനം ഇത്ര വമ്പിച്ച തോതിലുള്ള ഒരു സംഘട്ടനം കൂടാതെത്തന്നെ സുസാധ്യമായിരുന്നേനെ. അതുകൊണ്ടാണ് ഫാസിസമെന്നാൽ, യുദ്ധമാണെന്ന് അതിന്റെ ആദ്യാംശങ്ങൾ അങ്ങിങ്ങായി രൂപമെടുത്തുതുടങ്ങിയ അവസരത്തിൽത്തന്നെ പ്രഖ്യാതചിന്തകന്മാർ പലരും അഭിപ്രായപ്പെട്ടതു. അതേ, മനുഷ്യ സമുദായഗതിയെ നിയന്ത്രിക്കുകയും, നിർണ്ണയിക്കുകയും ചെയ്യുന്ന മൌലിക നിയമത്തെ അതിലംഘിക്കുന്നതിനുള്ള ഒരു സന്നാഹവും സംരംഭവുമായിരുന്നു ഫാസിസം. ഈ നിയമലംഘനം ഇന്നല്ലെങ്കിൽ നാളെ നിർത്തിയേ തീരൂ; അതു നിർത്തുമ്പോൾ, സമുദായത്തിൽ ഒച്ചപ്പാട്ടും സംഘട്ടനവും, തിളച്ചു മറിയലും ഉണ്ടാകാതിരിക്കാൻ മേലാ. ഈ ദയനീയമായ സംഭവ വികാസത്തിന്നുത്തരവാദി ഫാസിസം മാത്രമാണെന്നു എടുത്തു പറയാതെത്തന്നെ ആർക്കും മനസ്സിലാകുന്നതാണല്ലോ.

നമുക്കൊന്നു കൂടി പഴയ ഉപമയിലേക്കു പോവുക. തിളക്കുന്ന വെള്ളമുള്ള പാത്രത്തിന്റെ മൂടി തെറിക്കുമ്പോൾ, പെട്ടെന്നു ആവി അധികമായി പുറത്തേക്കു പോവാറില്ലേ? അതേ രീതിയിലുള്ള ഒരു സംഭവം ഇന്ന് മനുഷ്യസമുദായത്തിലും നടന്നുവരുന്നു. ഫാസിസത്തിന്റെ പരാജയത്താൽ, അതിന്റെ ബന്ധനത്തിൽനിന്നു വിമോചിതമാക്കപ്പെട്ട പുരോഗമനശക്തികൾ, മുകൾപ്പരപ്പിലേക്ക് ഒന്നാകെ ഊക്കോടെ പ്രവേശിക്കുന്നു. യൂറോപ്പിലെ ഇന്നത്തെ സംഭവഗതികൾ ഇതിന്നു സാക്ഷ്യം വഹിക്കുന്നുണ്ട്. ഇതേവരെയും അടിച്ചമർത്തപ്പെട്ടു വീർപ്പുമുട്ടിക്കിടന്നിരുന്ന ആ ശക്തികളുടെ പുറത്തു ചാടൽ വല്ലാത്ത ഒരു പരിതസ്ഥിതിയാണ് സൃഷ്ടിച്ചിരിക്കുന്നതു്. ഇക്കാര്യത്തെപ്പററി, തികച്ചും മനസ്സിലാവാത്ത പലരും ഇന്ന് ഇതു നോക്കി അമ്പരന്നു നിന്നിട്ടുണ്ട്; അന്ധാളിച്ചിട്ടുണ്ട്; മാത്രമല്ല, ഒരു വിധം 'ഇമ്പാച്ചി' പ്പേടിയോടെ പാഞ്ഞൊളിക്കാൻ ശ്രമിച്ചിട്ടുണ്ട്. അവർക്കൊരിക്കലും ഊഹിക്കാൻപോലും അസാധ്യമായ ഒരന്തരീക്ഷമാണ് അവരുടെ മുന്നിൽ ആവിർഭവിച്ചിരിക്കുന്നതു്. ഒരുപക്ഷെ, ഈ സംഗതികൾ മുൻകൂട്ടി മനസ്സിലായിരുന്നെങ്കിൽ, അവർ ഇങ്ങനെയുള്ള പരിതസ്ഥിതി സംജാതമാകുന്നതിനുള്ള പരിശ്രമങ്ങളിൽ പങ്കെടുക്കുകയേ ഇല്ലായിരുന്നു. പക്ഷെ എന്തു ഫലം?

സമുദായത്തിന്നു പുരോഗമിക്കാതെ നിവൃത്തിയില്ല. അതിനെ തടയുന്ന 'ഇസ' മേതായാലും, അതു ദൂരെ തെറിപ്പിക്കപ്പെടും. ഫാസിസം ചരിത്രത്തിന്റെ ഘടികാര സൂചി പിന്നോട്ടു പിടിച്ചു തിരിച്ചുവെക്കാൻ നോക്കി; പക്ഷെ പരിതാപകരമാംവിധം പരാജയപ്പെട്ടു

IV

വിജയം ആസന്നമായിത്തീർന്നിരിക്കുന്ന ഈ അവസരത്തിൽ ഏററവും പ്രധാനമായ മറെറാരു പ്രശ്നം ലോകത്തെ അഭിമുഖീകരിക്കുന്നു. മേലിൽ ഈ വിധം ദുരിതപൂരിതമായ ചരിത്രം ആവർത്തിക്കാതിരിക്കാൻ വേണ്ട സംരംഭങ്ങൾ ചെയ്യാതിരുന്നാൽ, ഇനിയും ഭൂകമ്പവും, പൊട്ടിത്തെറിക്കലും, നശീകരണവും ഉണ്ടായിക്കൊണ്ടേ ഇരിക്കും. അങ്ങിനെ വരുന്ന പക്ഷം, ഈ യുദ്ധത്തിൽ ലക്ഷക്കണക്കിലുള്ള പോരാളികൾ തങ്ങളുടെ ജീവരക്തം ചൊരിഞ്ഞതു് വ്യർത്ഥവും നിരർത്ഥകവുമായിവരും. മാത്രമല്ല, ഗ്രഹണിരോഗം പിടിപെട്ട ഒരു കുഞ്ഞിനെപ്പോലെ, മനുഷ്യസമുദായത്തിന്റെ വളർച്ചയ്ക്കു മാന്ദ്യം സംഭവിക്കുകയും ചെയ്യും. ഈ സംഗതി ഐക്യ രാഷ്ട്രങ്ങൾ തികച്ചും മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ്, ആസന്ന വിജയത്തിന്റെ ആഗമനത്തിന്നു മുമ്പേതന്നെ, സമാധാന ദശയിലെ സാമൂഹ്യ-സാമ്പത്തിക രാഷ്ട്രീയ സ്ഥിതികളെ നിർണ്ണയിക്കുന്നതിന്നുള്ള സംരംഭങ്ങൾ ഐക്യരാഷ്ട്രങ്ങളുടെ നേതൃത്വത്തിൻ കീഴിൽ നടന്നുകൊണ്ടിരിക്കുന്നതു്.

സാൻ ഫ്രാൻസിസ്കോവിൽ ഇപ്പോൾ ഈ വമ്പിച്ച പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുന്നതിന്നായുള്ള ആലോചനകൾ നടക്കുന്നു. ലോകത്തിൽ ശാന്തിയും സമാധാനവും സുരക്ഷയും വേണമെങ്കിൽ, അവയ്ക്കു തഴച്ചു വളരുന്നതിന്നുള്ള അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. ഈ കൃത്യം ഒട്ടും എളുപ്പമേറിയ ഒന്നല്ല. യുദ്ധത്തെപ്പോലെ, അഥവാ യുദ്ധത്തേക്കാൾ വിഷമതയും, ബുദ്ധിമുട്ടുമുണ്ട് യുദ്ധാനന്തര പുനർനിർമ്മാണത്തിന്ന്. ഇന്നു നിലവിലുള്ള നശീകരണ മനോഭാവത്തെ പാടേ പരിത്യജിച്ച്, തൽസ്ഥാനത്ത് ഒരു സൃഷ്ടിപരമായ ആശയഗതി ഉണ്ടാകുന്നതിന്നു എല്ലാവരും നിർബ്ബന്ധിതരായിരിക്കുന്നു. ഇന്നു നേടാൻ പോവുന്ന വിജയം തികച്ചും വിജയമായിരിക്കണമെങ്കിൽ ഇതാവശ്യമാണ്. അല്ലാത്ത പക്ഷം, കഴിഞ്ഞ യുദ്ധത്തിലെ വിജയത്തിന്നുള്ളിൽത്തന്നെ ലയിച്ചിരുന്ന ആക്രമശക്തികൾ, വിജയത്തെ യുദ്ധമാക്കിയതുപോലെ, ഈ പ്രാവശ്യവും സംഭവിക്കും.

സർവ്വതോമുഖമായ ഒരു പരിവർത്തനമുണ്ടായാലെ ഇന്നത്തെ സമുദായത്തിൽ നീതിയും ന്യായവും, സമത്വവും സ്വാതന്ത്ര്യവും, സമാധാനവും, സുരക്ഷയും സ്ഥാപിക്കാൻ സാധ്യമാവുകയുള്ളൂ. മുറിവൈദ്യം കൊണ്ടും മന്ത്രവാദം കൊണ്ടും ലോകത്തിൽനിന്നു ഫാസിസത്തെ ഉന്മൂലനാശം ചെയ്തു സമാധാന ദശയുടെ പിറവിയുണ്ടാക്കാമെന്നു വിചാരിക്കുന്നവർ വിഡ്ഢികളും അതേ സമയത്തു വഞ്ചകന്മാരുമാണ്. അവർ ആപൽക്കാരികളും കൂടിയാണ്. ഇന്നത്തെ പ്രശ്നങ്ങൾ സമുദായത്തെ, ലോകത്തെ മുഴുവൻ, സാരമായി സ്പർശിക്കുന്നു; അതിനാൽ അതിന്നുള്ള പരിഹാരവും ഇതേപോലെ അഗാധവും ദൂരവ്യാപകവുമായിരിക്കുകതന്നെ വേണം. സർവ്വ വിധത്തിലുമുള്ള കയ്യേററത്തിൽനിന്നും, സ്വാതന്ത്ര്യമായവിധത്തിൽ, സമത്വത്തോടെയും സമാധാനത്തോടെയും സാമ്പത്തികൈക്യത്തോടെയും കഴിഞ്ഞുകൂടുന്നതിന്നു വ്യക്തിയ്ക്കും സമുദായത്തിന്നും സാധ്യമാവണം. ഉച്ചനീച വ്യത്യാസവും, കുബേരകുചേല മനോഭാവവും, രാഷ്ട്രീയ അടിമത്തവും ഇല്ലാതെ സ്വാതന്ത്ര്യമായ ഒരു സമുദായത്തിലെ സ്വതന്ത്രരായ പൌരന്മാരായി ജനതകൾക്കെല്ലാം ജീവിക്കാൻ സാധിച്ചാൽ അന്ന് യുദ്ധമുണ്ടാവാനിടയില്ല.

# ചിരിയും ചിന്തയും

ഒരു യോദ്ധാവിനെ യുദ്ധരംഗത്തിലെത്തിയ്ക്കുന്നതിന്നു 17 ടൺ സാമാനങ്ങൾ ആവശ്യമാണ്. ആയാൾ യുദ്ധം ചെയ്തുകൊണ്ടിരിക്കണമെങ്കിൽ വീണ്ടും 81 ടൺ സാമഗ്രികൾ വേണമത്രേ.

* * *

രക്ഷിതാവ്: അപ്പോൾ നിന്റെ സ്കൂളിൽ കെട്ടിടം എങ്ങിനെ വേണമെന്നാണ് നീ പറയുന്നതു?

വിദ്യാർത്ഥി: അതെപ്പോഴും പൂട്ടിക്കിടക്കണം.

* * *

ക്രുദ്ധനായ പിതാവ്: "ഹേ, നിങ്ങളെന്റെ പുത്രിയുമായി സ്നേഹമുണ്ടാക്കാൻ ശ്രമിക്കുന്നതിന്നു ഞാൻ തക്കതായ ഒരു പാഠം പഠിപ്പിച്ചുതരാം."

യുവാവ്: "കൊള്ളാം, നല്ലൊരാശയം. എന്റെ സംരംഭത്തിൽ ഞാൻ വളരെയധികം വിജയിക്കുന്നില്ല."

* * *

"എന്തെങ്കിലും പരാതികളുണ്ടോ?" ജമേദാർ, സിപ്പായി ജോണിനോടു ചോദിച്ചു.

"ഉവ്വ് സേർ, അവർക്കൊക്കെ എന്നേക്കാൾ കൂടുതൽ ഭക്ഷണം കിട്ടുന്നുണ്ട്."

"ശരി" ജമേദാർ പറഞ്ഞു: "അവരെല്ലാം നിന്നേക്കാൾ തടിയുള്ളവരല്ലേ?"

"അതെ, ഇക്കണക്കിലാണെങ്കിൽ അവരെന്നും അങ്ങിനെത്തന്നെയായിരിക്കും."

"ഞാൻ 100 മാർക്കുകൾ (ജർമ്മൻനാണ്യം) സമ്പാദിച്ചിട്ടുണ്ട്. ഞാൻ ഏതു വിധത്തിലാണ് അതു് നിക്ഷേപിക്കേണ്ടതു്?" ബാങ്കു ഡയരക്ടരോട് ആ ജർമ്മൻകാരൻ ചോദിച്ചു.

"യുദ്ധ ബോണ്ടുകളിൽ, നിങ്ങളുടെ പണത്തിന്നു ഫ്യൂറർ രക്ഷ നൽകുന്നു—"

"എന്നാൽ ഫ്യൂറർ അനശ്വരനല്ല; അദ്ദേഹം മരിച്ചാലോ?"

"ഗോയറിങ്ങ് നിങ്ങളുടെ പണത്തിന്നു ഉറപ്പു നില്കും."

"ഗോയറിങ്ങ് ഒരു വിമാനസഞ്ചാരിയാണ്. ആയാൾക്ക് വല്ല അപകടങ്ങളും പിണഞ്ഞാലോ?"

"പിന്നെ" ഡയരക്ടർ അട്ടഹസിച്ചു "നേഷനൽ സോഷ്യലിസ്റ്റ് പാർട്ടി മുഴുവനുമുണ്ട്. നിങ്ങൾക്കൊന്നും പേടിക്കാനില്ല."

"സേനകൾ പരാജയപ്പെടുകയും, പാർട്ടി അധഃപതിക്കുകയും ചെയ്യുകില്ലോ?"

ഡയരക്ടർ, അയാളുടെ അരികിലേക്കു ചാഞ്ഞു ചെവിട്ടിൽ പറഞ്ഞു: "എന്റെ ജഗദീശ്വരാ! നിങ്ങളുടെ 100 മാർക്ക് ഇത്രയധികം ചെയ്താൽ അതിൽപ്പരം മറെറന്തുവേണം?"

* * *

കല്ക്കത്തയിൽനിന്നു മിർസാപ്പൂരിലേക്കും, ബോമ്പെയിൽനിന്നു കല്യാണിയിലേക്കുമുള്ള ഇന്ത്യയിലെ ആദ്യത്തെ റയിൽപ്പാതകൾ 1853 ലാണ് പണിചെയ്തതു്.

ഹിററ്ലരുടെ ചരിത്രം സിനിമയാക്കുന്നതിന്ന് ഈയിടെ ജർമ്മനിയിലെ ഒരു സിനിമാ കമ്പനി ആലോചിച്ചിരുന്നു. മുസ്സോ അതിന്റെ കഥ എഴുതുവാനുള്ള ചുമതലയും ഏറെറടുത്തു. പക്ഷെ അതെങ്ങിനെ അവസാനിപ്പിക്കണമെന്നു യാതൊരെത്തുംപിടിയുമില്ലാതെ മുസ്സോളിനി വിഷമിക്കുകയായിരുന്നു.

ഇപ്പോൾ ആ പരിഭ്രമം പോയിക്കഴിഞ്ഞിരിക്കും. ചുവപ്പുസേന ബർല്ലിനിലെത്തിയിട്ടുണ്ടല്ലോ.

* * *

മിസിസ് മേനോൻ അതികാലത്തെഴുന്നേററു ഭർത്താവിന്നു ഒരു കപ്പു ചായയുമായി കിടപ്പറയിൽ ചെന്നു.

"ഇതു് നോക്കൂ, എഴുന്നേൽക്കാറായി" അവൾ പറഞ്ഞു "ഇന്നു നമ്മുടെ വിവാഹത്തിന്റെ വാർഷികദിനമാണ്. നമുക്കു ആ പൂവൻകോഴിയെ കൊന്നാലെന്താണ്?"

"എന്തിന്ന്?" ഭർത്താവു ഉറക്കച്ചടവോടുകൂടി പറഞ്ഞു "അതിന്റെ കുററമല്ല ഇതൊന്നും."

* * *

ആ നടി ബർണ്ണാഡ്ഷായോടു പറഞ്ഞു: "നമുക്കിരുവർക്കും ഒരു സന്താനം പിറന്നാൽ എത്ര കേമമായിരിക്കും? നിങ്ങളുടെ ബുദ്ധിയും എന്റെ സൌന്ദര്യവും കൂടി സമ്മേളിച്ചാൽ!"

ഷാ ചോദിച്ചു: "അതു നേരെ തിരിച്ചടിച്ചാലോ? എന്റെ സൌന്ദര്യവും നിങ്ങളുടെ ബുദ്ധിയും!"

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.